പുസ്തകം ൩. ലക്കം ൨.

കന്യകാസൂനു

The Flower of Carmel



പ്രതിമാസപത്രിക.

FEBRUARY_ 1907_ MANNANAM.

സംഗതി വിവരം.

I. ഹനാൻ വെള്ളത്തിന്റെ പ്രയോജനം.
II. അതിശയങ്ങൾ അഥവാ അത്ഭുതങ്ങൾ.
III. ഭൌമപരീക്ഷ.
IV. പുണ്യപരീക്ഷ.
V. വി. യോഹന്നാൻ ഏവൻഗേലീസ്റ്റായുടെ സംക്ഷേപചരിത്രം.
VI. ഒരു ചെറുബാലന്റെ മനോധീരത.
VII. തിരുഹൃദയ ഭക്തന്മാർ ഫൻാ കുംഭമാസത്തിൽ വൈക്കേണ്ട പൊതുക്കരുതൽ.
VIII. ലോകവർത്തമാനച്ചുരുക്കം.

വരിക്കാർക്ക പ്രത്യേക നോട്ടീസ്.

മൂന്നാണ്ടുകളിലേയും ഒരു യാണ്ടത്തെയും വരിപ്പണം അടപ്പാനുള്ളവർ, അവരവർ അടപ്പാനുള്ള സംഖ്യ ഉടനെ മണിയോഡറായി അയച്ചുതരികയോ, പണപ്പിരിവുകാരുടെ പക്കൽ കൊടുത്തു രസീതു വാങ്ങിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. ഒരു ചുരുങ്ങിയ സംഖ്യക്കായി പല എഴുത്തുകുത്തുകൾ നടത്തുന്നതിനും പണപ്പിരിവുകാരെ പലപ്രാവശ്യം നടത്തി ബുദ്ധിമുട്ടിക്കുന്നതിനുമിടയാക്കുന്നതു ഭംഗിയല്ലെന്നും വരിക്കാരിൽ നിന്നു കിട്ടുന്ന സംഖ്യ കൊണ്ടുവേണം മാസിക സംബന്ധമായ ചിലവുകൾ നടത്താൻ എന്നുള്ളതും എല്ലാവരും അറിയേണ്ടതാണു്. ഇപ്പോൾ പണപ്പിരിവുകാരെ എല്ലാസ്ഥലങ്ങളിലേക്കും രസീതുകളും കൊടുത്തു അയച്ചിരിക്കുന്നു. വരിക്കാർ ദയചെയ്തു അവർക്കു് അനാവശ്യ താമസത്തിനും ബുദ്ധിമുട്ടിനും ഇടയാക്കാതെ കൊടുപ്പാനുള്ള സംഖ്യ കൊടുത്തു രസീതു വാങ്ങിപ്പാറാകുന്നമെന്നു ഓർമ്മിപ്പിച്ചുകൊള്ളുന്നു.

എന്നു് മാനേജർ.

ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പടെ ബ്രിട്ടീഷ് രൂപാ ഫ.

യാതൊരുത്തൻ ഓ പേരെ പത്രവരിക്കാരായി ചേർത്തു പേരയ്ക്കയും സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറുവാങ്ങിച്ചു കൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു നാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടുന്നതാണു്.

മേൽവിലാസം.

"കൈമൾ കുസുമം" മാനേജർ അവർകൾക്കു,

Mannanam. മാന്നാനം.

Travancore.

കാർമ്മൽ കുസുമം.

പുസ്തകം ൩.) ൧൯൦൭ ഫെബ്രുവരി; (ലക്കം ൨.

Aqua benedicta.
ഹനാൻ വെള്ളത്തിന്റെ പ്രയോജനം.

൧. ഹനാൻവെള്ളം അഥവാ ശിത്ഫജലം തിരുക്കർമ്മം സംബന്ധമായ ഉപയോഗങ്ങൾക്കും, വിശ്വാസികളുടെ പ്രയോജനത്തിനുമായി തിരുസ്സഭയുടെ നാമത്തിൽ പട്ടക്കാരനാൽ ആശീർവ്വദിക്കപ്പെട്ടുന്ന ഒരു ജലമാകുന്നു.

ഹനാൻവെള്ളം ആശീർവ്വദിക്കയിൽ പട്ടക്കാരൻ ചൊല്ലുന്നജപം അതിനാൽ തളിക്കപ്പെട്ടുന്ന ആളുകളെ പിശാചിന്റെ തന്ത്രങ്ങളിൽനിന്നു കാത്തുരക്ഷിക്കുന്നതിനും അവക്കു ആത്മശുദ്ധി, ശരീരസൌഖ്യം മുതലായ നന്മകൾ നൽകിയരുളുന്നതിനുമായി ദൈവത്തോടുചെയ്യുന്ന ഒരു അപേക്ഷയാണ്. ഹനാൻവെള്ളം നമ്മെ പാപത്തിൽനിന്നു കഴുകി ശുദ്ധീകരിക്കുന്ന ഔറംശോമ്മ ശിഹായുടെ തിരുരക്തത്തെ നമ്മെ ഓർമ്മിപ്പിക്കുകയും നിർമ്മലമായ ഒരു ജീവിതത്താൽ നമ്മുടെ ആത്മാവിനെ നാം പരിശുദ്ധമായി കാത്തുകൊള്ളണമെന്നു നമ്മോടു ഉപദേശിക്കയും ചെയ്യുന്നു. അതുകയാൽ ഔറംശോമ്മ ശിഹാ നമ്മെ പാപത്തിൽനിന്നു ശുദ്ധീകരിക്കുന്നതിനും പിശാചിന്റെ അടിമയിൽനിന്നു രക്ഷിക്കുന്നതിനുമായി എത്രയും കഠിനമായ പാടുകൾ ഏറ്റു, തന്റെ മാണിക്യമായ തിരുരക്തത്തെ ചിന്തിയെന്നു നാം ഓർക്കണം. ഔറംശോമ്മ ശിഹായുടെ തിരുരക്തത്താൽ നാം അധികമധികം ശുദ്ധീകരിക്കപ്പെട്ടുന്നതിനും മേലാൽ പാപത്തിൽ വീഴാതെ കാക്കപ്പെട്ടുന്നതിനുംവേണ്ടി നാം അപേക്ഷിക്കയും വേണം. തന്റെ തിരുച്ചോരയാൽ പിശാചിനെ ജയിച്ച ദൈവം നമ്മെ എല്ലാ ആപത്തുകളിൽനിന്നും സംരക്ഷിക്കയും, ആത്മശരീര സംബന്ധമായ എല്ലാ തിന്മകളെയും നമ്മിൽനിന്നു അകറ്റുകയും ചെയ്യുമാറാകട്ടെ!!

൨. എന്നാൽ തിരുസ്സഭയുടെ അപേക്ഷയും പട്ടക്കാരന്റെ ആശീർവ്വാദവും ഫലസിദ്ധിയുള്ളതായി തീരുന്നതു ഔറംശോമ്മ ശിഹായുടെ യോഗ്യതകൾ മൂലമാകുന്നു. ഇതിനാൽ ഹനാൻവെള്ളം വിശ്വാസത്തോടുകൂടെ ഉപയോഗിക്കുന്നതുകൊണ്ടു ഇഹലോകത്തിൽ ആത്മത്തിനും ശരീരത്തിനും വളരെ നന്മകൾ സിദ്ധിക്കുന്നതുകൂടാതെ, മരിച്ച വിശ്വാസികളുടെ ആത്മാവുകൾക്കുകൂടിയും തണുപ്പും രക്ഷയും കിട്ടുന്നതാണ്. ഹനാൻ വെള്ളംകൊണ്ടു സിദ്ധിക്കുന്ന ഫലങ്ങളിൽ മുഖ്യമായവയെ താഴെകാണിക്കുന്നു.

൧. ദൈവേഷ്ടപ്രസാദത്തിൽ ഇരിക്കുന്ന ആത്മാവുകൾക്കു പാപദോഷങ്ങളുടെ വിമോചനം നൽകുന്നു.

൨. പാപത്തിന്റെ കാലത്തിനുള്ള ശിക്ഷയുടെ അവധി കുറയ്ക്കുന്നു.

൩. ശരീരസൌഖ്യത്തെ കാക്കുന്നു.

൪. പിശാചുക്കളെ ഓടിക്കയും അവയുടെ തന്ത്രങ്ങളിൽനിന്നു നമ്മെ കാക്കയുംചെയ്യുന്നു.

൭. ശരീരവ്യാധികൾ മുതലായ തിന്മകളെ അകറ്റുന്നു.

നാം ഹനാൻവെള്ളം എടുത്തു നമ്മുടെമേൽത്തന്നെയൊ ശേഷം വസ്തുക്കളുടെമേലൊ തളിക്കുമ്പോൾ തിരുസ്സഭയുടെ ജപം ആകാശത്തിലേക്കു കയറി ദൈവത്തിൻ പക്കൽ മദ്ധ്യസ്ഥം പറകയും നമ്മുടെമേലും അതു തളിക്കപ്പെട്ടന്ന മറ്റു വസ്തുക്കളുടെമേലും ദൈവാശിർവ്വാദങ്ങളെ വരുത്തുകയുംചെയ്യുന്നു. മിസ്യോനാരിയായ അലക്സാന്ത്രോ ഡസ് എന്ന ദേഹം തന്റെ ഉപദേശികൾ കുരിശുവരച്ചുകൊണ്ടും, ഹനാൻവെള്ളം തളിച്ചുകൊണ്ടും വളരെ അളുകൾക്കു അത്ഭുതകരമായി സൌഖ്യം നൽകിയെന്നും, ഇദ്ദേഹം ഒരിക്കൽ കഠിനരോഗം ബാധിച്ചിരുന്ന ഒരു ഗ്രാമത്തിലെക്കു ആറു ഉപദേശികളെ വിട്ടിട്ടു, അവരു ഒരുവാരത്തിനകം പലരോഗികളെ മേല്പറഞ്ഞ വിധം സൌഖ്യമാക്കിയെന്നും എഴുതിയിരിക്കുന്നു. ചാഴികൾ മുതലായ ജന്തുക്കളുടെ ഉപദ്രവത്തെ അകറ്റുന്നതിനും ഹനാൻ വെള്ളം ഫലസിദ്ധിയുള്ളതായി തിരുസ്സഭാചരിത്രത്തിൽ കാണുന്നു.

ഹനാൻവെള്ളംകൊണ്ടു സംഭവിച്ച അനേക അത്ഭുതങ്ങളുണ്ടു്. വി. ക്രിസോസ്റ്റോമോസ്, വി. ഫൊത്തുനാത്തോസ്, വി. അൻസെൽമോസ്, വി. ബെർണ്ണാർദോസ്, വി. എദ്മൂന്തോസ് മുതലായ പുണ്യവാന്മാർ ആത്മശരീരസംബന്ധമായ പല വ്യാധി നോവുകളിൽനിന്നു അനേകംപേരെ വിശുദ്ധ ഹനാൻവെള്ളം തളിച്ചു സുഖമാക്കി. വി. ലൊറന്ത്യോസ് മെത്രാപ്പോലീത്തായെ ഒരിക്കൽ ഒരു ഭ്രാന്തൻ അതികഠിനമായി മുറിപ്പെടുത്തിയാറെ, അദ്ദേഹം കുറെ ഹനാൻവെള്ളം മുറിവേറ്റ സ്ഥലത്തു തളിച്ചതിനാൽ ഉടൻ സൌഖ്യം പ്രാപിച്ചു.

ഹനാൻവെള്ളത്തിന്റെ പ്രയോജനം അതിനെ ഉപയോഗിക്കുന്ന ആളുകൾക്കു മാത്രമല്ലാ, പിന്നെയൊ അകന്നിരിക്കുന്നവക്കും പ്രത്യേകം ശുദ്ധീകരാത്മാവുകൾക്കും അതിന്റെ ഫലം സിദ്ധിക്കുന്നതാണു്. എങ്ങിനെയെന്നാൽ, നാം ഹനാൻവെള്ളം ഉപയോഗിക്കുമ്പോൾ അതിന്റെ ഫലം ആർക്കു കിട്ടണമെന്നു നാം കരുതുന്നുവൊ ആയാളിന്നു അല്ലെങ്കിൽ ആ ആത്മാവിന്നു അതു നൽകപ്പെടുവാൻ തക്കവണ്ണം തിരുസ്സഭയുടെ അപേക്ഷ ദൈവത്തിൻപക്കൽ മദ്ധ്യസ്ഥം പറയുന്നു.

ചിലപ്പോൾ ഒരുതുള്ളി ഹനാൻവെള്ളം ഭീമമായ ജപത്തേക്കാൾ ഫലസിദ്ധിയുള്ളതാകുന്നു. നമ്മുടെ അപേക്ഷ മിക്കപ്പോഴും പല വിചാരത്തോടുകൂടിയതും മന്ദഗതിയുള്ളതുമാകുന്നു. എന്നാൽ ഹനാൻവെള്ളം ആശീർവ്വദിക്കുന്നതിലുള്ള തിരുസ്സഭയുടെ അപേക്ഷ എപ്പോൾ, എവിടെ; ആരാൽ ചൊല്ലപ്പെട്ടാലും ശരി, തിരുസ്സഭയുടെ നാമത്തിൽ ചൊല്ലപ്പെടുന്നതിനാൽ അതു എല്ലായ്പോഴും ദൈവത്തിനു പ്രസാദകരമായിട്ടുള്ളതാകുന്നു. ഇതിനാലാണു് ശുദ്ധീകരാത്മാവുകൾ ഹനാൻ വെള്ളത്തെ ഇത്ര അത്യാശയോടുകൂടി ദാഹിക്കുന്നതു്. അവക്കു ഒരുതുള്ളി ഹനാൻവെള്ളം കിട്ടുന്നതിനു എത്രമാത്രം ആഗ്രഹം ഉണ്ടെന്നു നാം അറിഞ്ഞിരുന്നെങ്കിൽ കാലത്തും വൈകിട്ടും ദിവസത്തിൽ പലപ്പോഴും വിശുദ്ധജലംകൊണ്ടു നാം അവരെ ആശ്വസിപ്പിക്കാതിരിക്കയില്ലായിരുന്നു. ശുദ്ധീകരാത്മാവുകൾക്കു ഹനാൻവെള്ളം എത്രയോ സന്തോഷകരമായിട്ടുള്ളതാണെന്നും എത്ര അത്യാശയോടുകൂടെ അവരു അതിനെ പാർത്തിരിക്കുന്നുവെന്നും ഉള്ളതു താഴെ കാണുന്ന സംഭവങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണു്. റോമ്മായിൽ 'കാമ്പൊംസാന്തൊ' എന്ന സിമിത്തേരിയിൽ ഒരു പരദേശിയെ അടക്കംചെയ്തിട്ടുണ്ടായിരുന്നു. ഈ ആളിന്റെ ആത്മാവു ൧൭ വർഷം കഴിഞ്ഞശേഷം, ൦രംശോമറിയത്തിന്റെ ദൊമ്മിനീക്കോസ് എന്ന പുണ്യപ്പെട്ട ദേഹത്തിനു കാണപ്പെട്ടു ത

ന്റെ കവറിടത്തിന്മേൽ ഹനാൻവെള്ളം തളിക്കേണമെന്നു അപേക്ഷിക്കയും അതിനാൽ തന്റെ ആത്മത്തിന്നു വളരെ അനുകൂലമുണ്ടാകുമെന്നു പറകയും ചെയ്തു. ഒരു ദൈവശുശ്രൂഷി കമ്മിത്താ സഭക്കാരുടെ മുറയനുസരിച്ചു, തന്റെ മേശമേൽ ഒരു തലയോട്ടു വച്ചിരുന്നു. ഒരുദിവസം ഇദ്ദേഹം അതിന്മേൽ കുറെ ഹനാൻവെള്ളം തളിക്കയിൽ "കുറെക്കൂടെ തളിക്ക, കുറേക്കൂടെ തളിക്ക" എന്നു ഒരു ദയനീയസ്വരം കേൾക്കപ്പെട്ടു. അതനുസരിച്ചു അദ്ദേഹം വീണ്ടും ഹനാൻവെള്ളം തളിച്ചിരുന്നു.

അപ്പൊഴൊ ഹനാൻ വെള്ളം തളിക്കുന്നതിനാൽ ശുദ്ധീകരാത്മാവുകൾക്കു അനുകൂലം കിട്ടുന്നുണ്ടെന്നുള്ളതു സ്പഷ്ടമാണല്ലൊ. ശുദ്ധ. കുർബാനയുടെ പ്രൻസിസ്സാ എന്ന പുണ്യപ്പെട്ട കന്യാസ്ത്രീക്കു മരിച്ചുപോയ ഒരു കന്യാസ്ത്രീയുടെ ആത്മാവു കാണപ്പെട്ടു, തന്റെ കവറിടത്തിങ്കൽ ഹനാൻവെള്ളം തളിക്കണമെന്നപേക്ഷിക്കയും അതിനാൽ തനിക്കു വളരെ ആശ്വാസം സിദ്ധിക്കുന്നതാണെന്നു പറകയുംചെയ്തു. മരിച്ചവരുടെ കവറിടത്തിങ്കൽ ഹനാൻവെള്ളം തളിക്കണമെന്നു 'ലിണ്ട്മേയർ' എന്ന പുണ്യപ്പെട്ട കന്യാസ്ത്രിയോടു ദൈവം പലപ്പോഴും അറിയിച്ചിട്ടുണ്ട്. ഇതിനാൽ ഒരു പുണ്യവതി നിത്യത്തിനുമുമ്പ് തനിക്കു പതിവായി കാണപ്പെട്ടിരുന്ന ശുദ്ധീകരാത്മാവുകളെ വിശുദ്ധജലം തളിച്ചാശ്വസിപ്പിച്ചു വിട്ടിരുന്നു. എന്നാൽ ഒരിക്കൽ ഇപ്രകാരം ചെയ്യുന്നതിന്നു ആ കന്യാസ്ത്രി മറന്നുപോയതിനാൽ, ടി ആത്മാവുകൾ അവളുടെ കട്ടിലിങ്കൽ മാറാതെനിന്നു അപേക്ഷിക്കയാൽ അവൾ എഴുന്നേറ്റു അവരുടെ ആഗ്രഹം നിറവേറ്റിക്കൊടുത്തു.

'മെന്തോസ' എന്ന വേദശാസ്ത്രി വിശുദ്ധ മത്തീനോസിന്റെ ജീവചരിത്രത്തിൽ താഴെ വരുന്ന സംഭവം എഴുതിയിരിക്കുന്നു. അനേകം പുണ്യവാന്മാർക്കു തങ്ങളുടെ കാവൽമാലാക്കുമാരെ കണ്ടു സംസാരിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ വിശുദ്ധ മത്തീനോസിനും തന്റെ ജീവിതകാലം മുഴുവനും ശുദ്ധീകരസ്ഥലത്തിൽനിന്നും ഒരു പട്ടക്കാരന്റെ ആത്മാവു കാണപ്പെട്ടു സംഭാഷിക്കപതിവായിരുന്നു. ഒരു ആത്മാവു ശുദ്ധീകരസ്ഥലത്തിലെ പാടുകളെക്കുറിച്ചു പലവിവരങ്ങൾ ഇദ്ദേഹത്തൊടു അറിയിച്ചകൂട്ടത്തിൽ വിശ്വാസികൾ മരിച്ചവരുടെ കവറിടങ്ങളെ ഹനാൻ വെള്ളം തളിക്കുമ്പോഴൊക്കെയും വെയിൽകൊണ്ടു ഉണ്ണിച്ചു തളർന്നിരിക്കുന്ന ഒരുവന്റെ ദേഹത്തിൽ തണുത്ത വെള്ളം ഒഴിച്ചാൽ അവനുണ്ടാകുന്ന ആശ്വാസവും തണുപ്പും പോലെ ശുദ്ധീകരാത്മാവുകൾക്കും ആശ്വാസവും തണുപ്പും ഉണ്ടാകുന്നു എന്നും അറിയിച്ചു.

൪. ഹനാൻ വെള്ളത്തിന്റെ ഉപയോഗത്തെപ്പറ്റിയുള്ള തിരുസ്സഭയുടെ ഉപദേശങ്ങളും നമ്മുടെ പൂർവ്വന്മാരുടെ ദൃഷ്ടാന്തവും നാം അനുസരിക്കേണ്ടിയിരിക്കുന്നു. ആകയാൽ തിരുസ്സഭയുടേയും വിശ്വാസത്തിൽ സ്ഥിരിക്കു യോഗ്യരായ നമ്മുടെ പൂർവ്വന്മാരുടെയും യോഗ്യമക്കൾ നാം ആകുന്നുവെന്നു ആഗ്രഹിക്കുന്നുവെങ്കിൽ താഴെ കാണിക്കും പ്രകാരം ചെയ്യേണ്ടിയിരിക്കുന്നു.

നാം ദേവാലയത്തിൽ പ്രവേശിക്കുമ്പോഴൊക്കെയും ഹനാൻ വെള്ളം തൊട്ടു ഭക്തിയോടുകൂടെ കുരിശു വരയ്ക്കണം. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു നാം പിശാചിനെ ഓടിക്കയും യോഗ്യമായ വണ്ണം നമസ്കരിക്കുന്നതിനു വേണ്ടിയിരിക്കുന്ന അടക്കവും ഭക്തിയും നമ്മിൽ ജനിപ്പിക്കയും ചെയ്യും. ഞായറാഴ്ച ദിവസങ്ങളിൽ വികാരിക്കുർബാനയ്ക്കു മുമ്പ് വിശ്വാസികളെ പട്ടക്കാരൻ ഹനാൻ വെള്ളം തളിക്കുമ്പോൾ ഭക്തിയോടുകൂടെ കുരിശിന്റെ അടയാളം വരയ്ക്കണം. നമ്മുടെ വീടുകളിൽ തക്കതായ ഒരു സ്ഥലത്തു ഹനാൻ വെള്ളം വച്ചു

സൂക്ഷിക്കയുംവേണം. മൻകാലങ്ങളിൽ കത്തോലിക്കാദേശങ്ങളിൽ ഹനാൻവെള്ളവും ശുദ്ധപ്പെട്ട തൈലവും പുണ്യവാന്മാരുടെ പടങ്ങളും എല്ലാവീടുകളിലും ഏതു ദാരിദ്ര്യപ്പെട്ട വീടുകളിൽക്കുടെയും ഭക്തിപൂർവ്വം കാക്കപ്പെട്ടിരുന്നു. ഇപ്പോഴും സത്യവിശ്വാസത്തിന്റെ അതൃപി കെടാത്ത ഭവനങ്ങളിൽ അവകൾ കാക്കപ്പെട്ടുന്നുണ്ട്. ഹനാൻവെള്ളത്തിന്റെ ഉപയോഗം വളരെ പൂർവ്വികമായുള്ളതാകുന്നു. അതു ശ്ലീഹന്മാരാൽ ആരംഭിക്കപ്പെട്ടതാണെന്നു ചില ശാസ്ത്രികൾ അഭിപ്രായപ്പെടുന്നു. * ഹനാൻവെള്ളം ഭവനങ്ങളിൽ കാക്കപ്പെടുന്നതായാൽ, ആ ഭവനങ്ങളിൽ വിശ്വാസവും ഭക്തിയും വർദ്ധിച്ചു വരുന്നതാകുന്നു.

൭. നാം ഇതേവരെ ഹനാൻവെള്ളം ഉപയോഗിച്ചു വരുന്നതു ഒരുവേള വെറും തഴക്കത്തെക്കുറിച്ചു മാത്രമായിരിക്കാം. എന്നാൽ മേലാൽ അതിന്റെ ഉപകാരത്തെയും ഫലത്തെയും ഹൃദയപൂർവ്വം വിശ്വസിച്ചുകൊണ്ടു ഭക്തിയോടുകുടെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഹനാൻവെള്ളത്തെ യോഗ്യമായവിധം ഉപയോഗിക്കുന്നതായാൽ ശുദ്ധീകരാത്മാവുകൾക്കുകുടെയും അതുകൊണ്ടു വളരെ ജ്ഞാനഫലം സിദ്ധിക്കുമെന്നു നമുക്കു ഉറപ്പുണ്ടായിരിക്കയാൽ, നാം ദേവാലയത്തിലോ നമ്മുടെ ഭവനത്തിലോ കേറുകയോ ഇറങ്ങുകയോ ചെയ്യുമ്പോഴും, പ്രാർത്ഥന മുതലായ ജപങ്ങൾ തുടങ്ങുന്നതിനുമുമ്പും മരിച്ച വിശ്വാസികളുടെ ആത്മാവുകൾക്കു ആശ്വാസവും തണുപ്പും ഉണ്ടാകുമെന്നുള്ള നിയോഗത്തോടുകുടെ ഹനാൻവെള്ളംതൊട്ടു കുരിശുവരയുന്നതിനു ഉപേക്ഷ വരുത്തരുതു്.

നു. ഇതു എളുപ്പമുള്ള പോംവഴിയാൽ ആണ്ടുവട്ടത്തിൽ നമുക്കു എത്രമാത്രം ദൈവാനുഗ്രഹങ്ങളും സൌഭാഗ്യവും യോഗ്യതകളും വരപ്രസാദങ്ങളും, ശുദ്ധീകരസ്ഥലത്തിൽകിടക്കുന്ന നമ്മുടെ മാതാപിതാക്കൾ, സംബന്ധക്കാർ, സ്നേഹിതർ, ഉപകാരികൾ മുതലായവക്കു എത്രയൊ ആശ്വാസവും രക്ഷയും പ്രാപിക്കാവുന്നതാണു!! ഇതുകൂടാതെ നമ്മുടെ ജീവിതകാലത്തിലും മരണനേരത്തിലും മരണത്തിന്റെ ശേഷവും നമുക്കു എത്രയൊ അധികം മദ്ധ്യസ്ഥന്മാരെ സമ്പാദിപ്പാനും കഴിയും!! നാം ശുദ്ധീകരാത്മാവുകൾക്കു ഒരു ഉപകാരസഹായംചെയ്യുമ്പോഴൊക്കെയും അവർ പ്രതിനന്ദിയായി ഭൂമിയിൽ ജീവിച്ചിരിക്കുന്ന മറ്റാ പരിശുദ്ധന്മാരെക്കാൾ അതി ശ്രുഷ്ണാന്തിയോടുകുടെ നമുക്കു വേണ്ടി ദൈവത്തോടു മദ്ധ്യസ്ഥം അപേക്ഷിക്കും. അപ്രകാരംതന്നെ ദൈവവും എത്രയും പ്രിയപ്പെട്ട ഒരു ആത്മാവുകളുടെ അപേക്ഷയെ നന്മനസ്സോടെ കൈക്കൊണ്ടു അവരുടെ ഉപകാരികൾക്കു അളവറ്റ വരപ്രസാദങ്ങളെ നൽകിയരുളുകയും ചെയ്യും. അതുകയാൽ ദൈവസ്തുതിമേലും സ്വന്ത ആത്മരക്ഷമേലും ശുദ്ധീകരാത്മാവുകളുടെ അനുകൂലത്തിന്മേലും ശ്രുഷ്ണാന്തിയുള്ള ഉത്തമ കൃസ്ത്യാനികളെപ്പോലെ നാം പള്ളിയിലൊ ഭവനത്തിലൊ പ്രവേശിക്കുമ്പോഴും, അവിടെനിന്നു പുറപ്പെടുമ്പോഴും, യാത്രയുമുമ്പും, നിദ്രയുമുമ്പും, കാലത്തു എഴുനില്ക്കുമ്പോഴും, പരീക്ഷസമയങ്ങളിലും, ഇടിവെട്ടൽ, പെരുങ്കാറു, പകരുന്ന വ്യാധി മുതലായ ആപത്തുകളിലും ഹനാൻവെള്ളംതൊട്ടു കുരിശുവരയുന്നും തളിക്കയുംവേണം. വിശേഷിച്ചു ഭക്തിയുള്ള മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികൾക്കു ആത്മശരീരാപത്തുകളൊന്നും നേരിടാതിരിപ്പാൻ

---

* ഇന്ത്യായുടെ ശ്ലീഹായാകുന്ന നമ്മുടെ പിതാവു വിശുദ്ധ മാർ തോമ്മായുടെതിരുനാൾജപത്തിൽ ﻫﻨﺎﻥ ﻣﺎﺭﻱ ﺗﻮﻣﺎ ഹനാൻവെള്ളംകൊണ്ടു ശ്ലീഹാ ഒരു മനുഷ്യന്റെ കൈ സ്വസ്ഥമാക്കിയതായി പറയപ്പെട്ടുന്ന സംഭവം ഒരു അഭിപ്രായത്തിനു ആധാരമായിരിക്കുന്നു. ക. ക. പത്രാധിപർ.

വേണ്ടി രാത്രിതോറും അവരുടെമേൽ ഹനാൻവെള്ളം തളിക്കുക പതിവാകുന്നു.

൭. നാം ഹനാൻവെള്ളം ശുദ്ധീകരാത്മാവുകൾക്കുവേണ്ടി ഉപയോഗിക്കുമ്പോൾ "നിത്യപിതാവേ! ൦രംശോമ് ശിഹായുടെ വിലമതിയാത്ത തിരുരക്തത്തെക്കുറിച്ചു മരിച്ച വിശ്വാസികളുടെ ആത്മാവുകൾക്കു തണുപ്പും രക്ഷയുംകൊടുത്തരുളേണമെ" എന്നു പ്രാർത്ഥിക്കുന്നു എന്തുകൊണ്ടും ഉത്തമമായിട്ടുള്ളതാകുന്നു. പൂർവ്വ വനവാസികളിൽ ഒരുവനായ "ദെയൊദത്തൂസ്" എന്ന മഹാത്മാവു് പറയുന്നതായു്. "സൂര്യോഷ്ണത്താൽ വാടിപ്പോയ പുഷ്പങ്ങൾ മഴപെയ്യുമ്പോൾ കൂടുതൽ ശോഭിക്കുന്നതുപോലെ ശുദ്ധീകരസ്ഥലത്തിലെ ഘോരമായ അഗ്നിയാൽ പീഡിപ്പിക്കപ്പെടുന്ന ആത്മാവുകൾ വിശുദ്ധ ഹനാൻവെള്ളംകൊണ്ടു വലിയ തണുപ്പും ആശ്വാസവും പ്രാപിക്കുന്നതാകുന്നു." ഇതിനാൽ സമ്പന്നനായ എപ്പുലോൻ "ഔറാഹം പിതാവേ! എൻെറമേൽ ദയയുണ്ടാകേണമെ! ലാസറിൻെറ വിരലുകളുടെ അറ്റംകൊണ്ടു ഒരുതുള്ളിവെള്ളംതൊട്ടു എൻെറനാവിനെ നനയ്ക്കുന്നതിനു അയാളോടു കല്പിച്ചയക്കേണമെ! എന്തുകൊണ്ടെന്നാൽ, ഞാൻ ഒരു തീജ്വാലകളാൽ വളരെ വേദന അനുഭവിക്കുന്നു" എന്നു (ലൂക്കാ. ൧൬. ൨൪.)പറഞ്ഞു പ്രലപിച്ചതുപോലെ ശുദ്ധീകരാത്മാവുകൾ "മ്ശിഹായിൽ പ്രിയസഹോദരരെ! നിങ്ങളുടെ വിരലിൻെറ അറ്റംകൊണ്ടു ഒരുതുള്ളി ഹനാൻവെള്ളം തൊട്ടു ഞങ്ങളെ തണുപ്പിക്കേണമെ. എന്തുകൊണ്ടെന്നാൽ, ഞങ്ങൾ ശുദ്ധീകരസ്ഥലത്തിലെ എത്രയും ഘോരമായ അഗ്നിജ്വാലകളാൽ ഭയങ്കരമായി പീഡിക്കപ്പെടുന്നുവെന്നു പറഞ്ഞുകൊണ്ടു നമ്മിൽ ഓരോരുത്തരോടു അപേക്ഷിക്കുമ്പോൾ അവരുടെ അപേക്ഷയെ ഉപേക്ഷിക്കരുതെ, അവൎക്കു ഈ ആശ്വാസം കൊടുക്കാതിരിക്കരുതെ.. എന്നു എക്ക് (Eck) എന്ന ശാസ്ത്രി ഉപദേശിക്കുന്നു. "Charity for the Suffering Souls"

൭. ൧൦. ൨. ൧൦൮

II. അതിശയങ്ങൾ അഥവാ അത്ഭുതങ്ങൾ.

൩൦ സംഭാഷണം.

(൨൦൫. ക്ടാവു൦ പക്ഷം തുടർച്ച)

സൈമൺ– നമ്മുടെ ദിവ്യരക്ഷകൻെറ തിരുശ്ലേഷിപ്പുകളാൽ മാത്രമല്ല അതിശയകരമായ സുഖപ്രാപ്തി ഉണ്ടായിട്ടുള്ളതു്. പത്രോസിൻെറ നിഴൽ എങ്കിലും രോഗികളുടെ മേൽ വീണാൽ അവർ അവരുടെ രോഗങ്ങളിൽ നിന്നു രക്ഷപ്രാപിക്കുമെന്നു ജനങ്ങൾ ഉറപ്പായി വിശ്വസിച്ചിരുന്നു എന്നു ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ നിന്നു (൫ അ. ൧൫ വാ.) നാം അറിയുന്നു. വിശുദ്ധ പൌലോസിൻെറ ശരീരത്തെ തൊട്ട വസ്ത്രങ്ങൾമൂലം രോഗികൾ സ്വസ്ഥമാക്കപ്പെട്ടുവെന്നും പിശാചു ബാധിതരിൽനിന്നു അത്ഭുതങ്ങൾ പുറപ്പെട്ടു പോയതായും വിശുദ്ധ ലൂക്കാ പറയുന്നു. (നടപടി ൧൯ അ. ൧൨ാം വാ.) ഇങ്ങനെയെങ്കിൽ ഒരു പുണ്യവാൻെറ അസ്ഥി മുഖാന്തരം അഥവാ അദ്ദേഹം ധരിച്ചിരുന്ന ഉടുപ്പിൻെറ ഒരു കഷണംമൂലം മേല്പറയപ്പെട്ടപ്രകാരമുള്ള ഫലങ്ങൾ ഉണ്ടായിക്കൂടാ എന്നു വരുന്നതെന്തുകൊണ്ടു്? എന്തിനു ഇത്രപ്പുറം അധികം പറയുന്നു? "നമ്മുടെ ദിവസങ്ങളിൽ കൂടെയും ദൈവം അവരുടെ (വിശുദ്ധന്മാരുടെ) ശരീരങ്ങളിന്മേലും അവരുടെ ശവക്കല്ലറകളിന്മേലും പ്രദർശനീയമായ അത്ഭുതങ്ങളെ ചെയ്യുവരുന്നതിനെ നിഷേധിപ്പാൻ ആൎക്കു തുനിവുണ്ടാകും? (Luth. Vol. 1 p. 165 Jena) എന്നു ലുത്തേർ തന്നെ പറയുന്നുണ്ടല്ലൊ?

രായർ– ഇങ്ങനെയാണു ലുത്തേരി

ന്റെ അഭിപ്രായമെങ്കിൽ അത്ഭുതങ്ങളെപ്പറ്റി നിങ്ങൾ പറയുന്നതൊക്കെയും മുത്തിക്കഥകളാണെന്നു പറയുന്ന മിസ്റ്റർ വാൽസിന്റെ അഭിപ്രായം അതിൽ നിന്നു ഭിന്നിച്ചാണല്ലൊ കാണപ്പെടുന്നതു".

ഡോ— എന്തിനു ലൂത്തേരിനെയും വാൽസിനെയും നാം നോക്കുന്നു? ഞാൻ ഒരു പ്രൊത്തേസ്ത്താന്തി ആണെങ്കിലും വാൽസു പറയുന്നതൊക്കെയും അനുസരിക്കണമെന്നില്ല. ഞാൻ അനുസരിക്കുന്നുമില്ല. ലൂത്തേരൊ എന്നാൽ അരംഭത്തിൽ ചില കത്തോലിക്കു ഉപദേശങ്ങളെ പ്രസ്താവിച്ചിരിക്കാം. ആ ഉപദേശങ്ങളെ ആയാളുടെ മരണത്തിനു മുമ്പു അയാൾ ഉപേക്ഷിച്ചുമിരിക്കാം. ഇതെങ്ങനെയായിരുന്നാലും കത്തോലിക്കരായ നിങ്ങൾ അത്ഭുതങ്ങളെ വിശ്വസിക്കയും അതേനേരത്തുതന്നെ നിങ്ങളുടെ സഭ സത്യസഭയെന്നു വിശ്വസിക്കയും ചെയ്യുന്നതെങ്ങനെയെന്നു എനിക്കു തിരിയുന്നില്ല.

സൈ— ഡോക്ടരെ! നിങ്ങൾ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. ഒന്നു തെളിവായിപ്പറഞ്ഞാലും.

ഡോ— ഞാൻ പറഞ്ഞതു വളരെ തെളിവായിട്ടാണല്ലൊ. അന്തി ക്രീസ്തുവിന്റെ "വരവു സാത്താന്റെ നടപ്പിൻപ്രകാരം സകല ശക്തിയോടും അടയാളങ്ങളോടും വ്യാജ അത്ഭുതങ്ങളോടും ക്രൂടെ" ആകുന്നുവെന്നു തെസ്സലോനിയരോടു (2 Thessal. ch. 2 v. 9) വിശുദ്ധ പൌലോസു തെളിവായിപ്പറയുന്നുണ്ടല്ലൊ. അതിനാൽ നിങ്ങളുടെ അത്ഭുതങ്ങളൊക്കെയും 'വ്യാജ അത്ഭുതങ്ങൾ' ആകുന്നുവെന്നു ധരിച്ചാലും!

സൈ— ഒന്നാംതരം ന്യായോക്തി! ഭേഷ്! ഒന്നാംക്ലാസുതന്നെ. അന്തിക്രീസ്തുവിന്റെ കാലത്തിൽ വ്യാജഅത്ഭുതങ്ങൾ അനവധിയുണ്ടാകുമെന്നു വിശുദ്ധ പൌലോസു പറയുന്നതിനെ ആരു നിഷേധിച്ചു? കത്തോലിക്കസഭ അതിനെ ഒരുനാളും നിഷേധിച്ചിട്ടില്ല. നിഷേധിക്കുന്നുമില്ല. സത്യമായ അത്ഭുതങ്ങൾ ഇപ്പോൾ ഉണ്ടാകുന്നില്ല എന്നാണു നിങ്ങൾ തെളിയിക്കേണ്ടതു്? വ്യാജ അത്ഭുതങ്ങൾ സത്യമായവയുടെ തുടർച്ചയ്ക്കു (Continuance) തക്ക തെളിവാണെന്നു് ഇതുവരെ നിങ്ങൾ ഗ്രഹിച്ചിട്ടില്ലെ? അനേക കാലമായി ഇല്ലാതിരിക്കുന്ന ഒരു കൂട്ടത്തെ, പിശാചു മനുഷ്യരെ തട്ടിക്കുന്നതിനു ഉപയോഗിക്കുമെന്നാണൊ നിങ്ങൾ വിചാരിച്ചിരിക്കുന്നതു്? നിങ്ങൾ കൊണ്ടുവന്ന വേദാഗമസാക്ഷി എനിക്കു അനുകൂലിക്കുന്നതല്ലാതെ നിങ്ങളുടെ വാദത്തെ അതിരിക്കുന്നതിനു ഒട്ടും ഉതകുന്നില്ലെന്നു് ഇപ്പോൾ മനസ്സിലായില്ലെ?

ഡോ— ഓഹോ മനസ്സിലായി! "ഞാൻ നിവർത്തിക്കേണ്ടതിനായിട്ടു പിതാവു എനിക്കു ഏല്പിച്ച പ്രവൃത്തികൾ തന്നെ, ഞാൻ ചെയ്യുന്ന ആ പ്രവൃത്തികൾ പിതാവു എന്നെ അയച്ചിരിക്കുന്നു എന്നു എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തുന്നു., എന്നു നമ്മുടെ കർത്താവു തന്റെ അത്ഭുതങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നു. (John ch. 5. v. 33.) മിശിഹാ; താൻ ദൈവപുത്രനാകുന്നു എന്നു താൻ ചെയ്ത അത്ഭുതങ്ങളാൽ തെളിയിച്ചു എന്നു നാം കാണുന്നു. എന്നാൽ തന്റേതു ഒരു നല്ല ന്യായോക്തി ആണെങ്കിൽ തന്നെപ്പോലെ അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും ദൈവം ആണെന്നു തെളിയിക്കുന്നെന്നു സമ്മതിക്കേണ്ടി വരും. ഇതൊരുനാളും സമ്മതിക്കാൻ പാടില്ലെന്നു നിങ്ങൾക്കറിയാമല്ലൊ. ഇതിനാൽ മിശിഹായില്ലാതെ ആർക്കും അത്ഭുതങ്ങളെ ചെയ്വാൻ പാടില്ലെന്നു വരുന്നു.

സൈ— പ്രിയ ഡോക്ടരെ! നിങ്ങളുടെ ന്യായം കേട്ടിട്ടു എനിക്കു വല്ലാതെ ചിരി വന്നുപോകുന്നു. പഴയ നിയമത്തിലെ വിശുദ്ധന്മാരും പുതിയ നിയമത്തിലെ ശ്ലീഹന്മാരും പ്രവർത്തിച്ച അത്ഭുതങ്ങളൊക്കെയും അവരോരൊരുത്തർ ദൈവമാകുന്നെന്നു കാട്ടുവാനാണു പ്ര

വത്തിച്ചിട്ടുള്ളതു്. അല്ലെങ്കിൽ അതുകൊക്കെയും വ്യാജ അത്ഭുതങ്ങളായിരുന്നു എന്നാണല്ലൊ നിങ്ങൾ കൊണ്ടുവരുന്നയുക്തി! കൊള്ളാം നല്ല യുക്തിതന്നെ.

ഡോ— ഈ യുക്തി നിങ്ങൾക്കു രസിച്ചില്ലെങ്കിൽ വേണ്ടാ! പൊയ്ക്കൊള്ളട്ടെ. അത്ഭുതങ്ങൾ ഇപ്പോഴും ഉണ്ടാകേണ്ടതാണെന്നും ഉണ്ടായിട്ടുണ്ടെന്നും വിശുദ്ധ പുസ്തകത്തിൽനിന്നു നിങ്ങൾ തെളിയിച്ചാൽ മതി.

സൈ— ഓ! ഹോ! തെളിയിക്കാൻ തയ്യാർ!

രായർ— എന്നാലാകട്ടെ! അങ്ങനെ അല്ലെ ഡോക്ടരെ!

ഡോ— അങ്ങനെതന്നെ. തുടങ്ങിയാലും!

സൈ— ഞാൻ വിശുദ്ധ പൌലോസിന്റെ വാക്യം കൊണ്ടാരംഭിക്കുന്നു. ഈ മഹാത്മാവു പഴയ നിയമത്തിലെ പ്രധാന വിശ്വാസ്തന്മാരുടെ ഒരു പട്ടികയെ കാട്ടിയതിന്റെ ശേഷം അവർ "സിംഹങ്ങളുടെ വാകളെ അടച്ചു, അഗ്നിയുടെ ബഹളത്തെക്കെടുത്തി, വാളിന്റെ മൂർച്ചയിൽനിന്നു രക്ഷ പ്രാപിച്ചു, ശക്തിഹീനതയിൽനിന്നു ശക്തന്മാരായി, യുദ്ധത്തിൽ ശൌര്യവാന്മാരായിത്തീർന്നു, അന്യവരുടെ പടസൈന്യങ്ങളെ അപജയപ്പെടുത്തി. സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുനീറ്റവരായി കിട്ടി, (Heb. ch. II. V. 33. 35.) എന്നു വിവരിച്ചിരിക്കുന്നു. പഴയ നിയമത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നവയും നമ്മുടെ കർത്താവിന്റെ കാലത്തോളം യൂദ സഭയിൽ ഉണ്ടായിക്കൊണ്ടിരുന്നവയുമായ അസംഖ്യ അത്ഭുതങ്ങളെ സംബന്ധിച്ചാണു വിശുദ്ധ പൌലോസു് ഇവിടെ പറഞ്ഞിരിക്കുന്നതെന്നു പ്രത്യക്ഷമാണല്ലൊ. ഈ ശ്ലീഹാ പരിപ്പിക്കുന്നതുപോലെ "വരുവാനുള്ള നല്ല സംഗതികളുടെ നിഴലല്ലാതെ കായ്ങ്ങളുടെ സാക്ഷാൽ പ്രതിമയല്ലാതിരുന്ന യൂദസഭയിൽ ദൈവ പരിപാലനയുടെ ഒരു വകഭേദമായ അത്ഭുതങ്ങൾ ധാരാളം സംഭവിച്ചിരുന്നെങ്കിൽ ദിവ്യരക്ഷിത്തിന്റെ പുത്രനും മിശിഹായുടെ ശരീരത്തിന്റെ അംഗങ്ങളുമായ നമ്മുടെ ഈ കാലത്തു അതുകൾ നിന്നുപോയി എന്നു വരുന്നതെങ്ങനെ? അങ്ങനെവന്നാൽ ദൈവദാനങ്ങളുടെ മക്കളായ ക്രിസ്ത്യാനികൾ യൂദന്മാരെക്കാൾ താണവരാണെന്നും നിർഭാഗ്യരാണെന്നും സങ്കല്പിക്കേണ്ടി വരും. (തുടരും)

പി. കെ. അന്തോനിക്കുത്തനാർ.

III ഭൌമ വർദ്ധിസാ.

(തുടർച്ച)

സന്ന്യാസത്തിൽ ലഭ്യമായിരിക്കുന്ന ധാരാള നിക്ഷേപങ്ങൾ നിമിത്തം അതു ഒരു ഭൌമ ശൃംഗാരത്തോട്ടമാകുന്നു. ഇഹത്തിൽ ഉള്ളവായിരിക്കുന്ന അനവധി അനർത്ഥങ്ങൾ നിമിത്തം അതു ഒരു ചെറിയ നരകമെന്നു ചിലപ്പോൾ വിളിക്കപ്പെട്ടുന്നെങ്കിൽ, സന്ന്യാസത്തിനു സർവ്വശക്തനായ ദൈവം ധാരാളമായി നല്കിയിരിക്കുന്ന അമൂല്യ വരപ്രസാദങ്ങൾ നിമിത്തം അതു സ്വർഗ്ഗലോകത്തിന്റെ ഒരു മുന്നനുഭവമാകുന്നുയെന്നു പറയുന്നതിലേക്കു വല്ല ആക്ഷേപമുണ്ടോ? സന്ന്യാസ ജീവിതത്തിനുള്ള വിളിപ്പോട്ടുകൂടെ അസംഖ്യ ദൈവികദാനങ്ങൾ ഉള്ളവാകുന്നു. ക്ലയീസ് ലന്ന്യാ എന്ന വന്ദ്യസ്ത്രീ, സന്ന്യാസവിളിപ്പോട്ടുകൂടെ ഈ ഒരു ഏക വരപ്രസാദമല്ല, പിന്നെയൊ വരപ്രസാദങ്ങളുടെ ഒരു മഹാ സമുദ്രമാണു് ഈ മഹാ ഉന്നത ജീവിതത്തിനു ക്ഷണിക്കപ്പെട്ടവനു ദൈവം നൽകുന്നതു, എന്നു പറഞ്ഞുവന്നിരുന്നു. അപ്പൊഴോ ഒരു ഭക്തസന്ന്യാസിക്കു തന്റെ ഈ ക്ഷണനത്തിന്മേൽ ധ്യാനിച്ചുകൊണ്ടു "അതിനോടുകൂടെ സകല നന്മകളും ഇനിക്കുവന്നു" (ബോധ: ൭. ൭൧.) എന്നു എഴുതുയും

ഉചിതമായി നിലവിളിക്കാവുന്നതല്ലയോ? ശൃംഗാരത്തോട്ടമെന്നു വിളിക്കപ്പെട്ടിരുന്ന ആദേന്റെ ഭംഗി അവസ്ഥ നിയമായിരുന്നു. സമീപദേശങ്ങളെ സാഫല്യമാക്കിയിരുന്ന നാലു വലിയനദികൾ അതിന്റെ വിശുദ്ധ ആവൃതികളിൽ നിന്നു ഉത്ഭവിച്ചിരുന്നു. അതെൻ വളരെ അപൂർണ്ണമായ വിധത്തിൽ അനുരൂപിച്ചിരുന്ന സന്യാസം ഇപ്രകാരംതന്നെയാകുന്നു, എന്നുവേണ്ട അനുഭവത്താൽ ഇതിനെക്കാൾ മികച്ചിരിക്കുന്നുയെന്നു പറയുന്നതിനു ഒട്ടും ശങ്കിക്കുന്നില്ല. എത്രയൊ ദൈവനന്മകൾ അതു കരസ്ഥമാക്കിയിരിക്കുന്നു!! എത്രയൊ വിധത്തിൽ അതു തിരുസ്സഭയെ വൃഷ്ടികരിക്കുന്നു! സന്യാസ സഭകളിൽ നിന്നു ലോകത്തിനു ലഭ്യമായിരിക്കുന്ന ഉപകാരങ്ങൾ ജഗൽപ്രസിദ്ധമാകയാൽ ഈ വിഷയത്തെപ്പറ്റി പ്രത്യേകം ഇവിടെ വിവരിച്ചു കാട്ടണമെന്നു തോന്നുന്നില്ല. സന്യാസത്തിൽ നിന്നു നാലല്ല, അഞ്ചു വലിയ നദികൾ പുറപ്പെട്ടൊഴുകി, അഖിലാണ്ഡത്തിന്റെ അഷ്ടഭാഗങ്ങളെയും സുഭിക്ഷമാക്കി തീർക്കുന്നു. ഇവകളേവയെന്നു കേട്ടാലും. ൧. അബദ്ധത്തിന്റെ നശീകര ശക്തിയോടെതുത്തു തിരുസ്സഭയെ ആദരിക്കുന്ന സന്യാസികളുടെ വിജ്ഞാനം നിറഞ്ഞ പുസ്തകങ്ങൾവഴിയായി ലോകമൊട്ടുക്കു വ്യാപിച്ചിരിക്കുന്ന ശാസ്ത്രം. ൨. അജ്ഞാന ജാതികളിൽ നിന്നു ഉൽഭവങ്ങളെ മൂലച്ഛേദനം ചെയ്തു, സത്യവിശ്വാസത്തെ ഉദിപ്പിക്കുന്ന സുവിശേഷ ബോധനം. ൩. സന്യാസികളുടെ സമ്മാതുകയാൽ ഉപദേശിക്കപ്പെട്ട, സത്യവിശ്വാസികൾ നടത്തിവരുന്ന ദേവദ്രവ്യാനുമാനങ്ങളുടെ കൂടക്കൂടെയുള്ള കൈക്കൊള്ളപ്പാടുകൾ. ൪. മനുഷ്യവർഗ്ഗത്തിൽ പാപം നിമിത്തം അവരുടെ നേരെ ജ്വലിച്ചെരിയുന്ന ദൈവകോപത്തെ ശമിപ്പിക്കുന്നതിനു ഇവർ അനുഷ്ഠിച്ചുവരുന്ന ജപതപങ്ങൾ. ൫. മാനുഷദൃഷ്ടിക്കും ബോധത്തിനും അതിശയവിഷയങ്ങളായ അസംഖ്യം രക്തസാക്ഷികളെയും വാനാരൂപികൾക്കു ആനന്ദത്തെയും നരവൈരികൾക്കു ലജ്ജയേയും വരുത്തുന്ന വിശ്രുത വിശുദ്ധരേയും സത്യതിരുസ്സഭയ്ക്കു നൽകുന്നതായ സുകൃത ജീവിതത്തിന്റെ സമ്മാതുക.

ഒടുവിൽ പറയപ്പെട്ട ഈ ഒരു വിഷയംതന്നെ കത്തോലിക്കു വിശ്വാസത്തിന്റെ സത്യവും വിശുദ്ധതയും ദൃഷ്ടാനുകരിക്കുന്ന ഒരു ലക്ഷ്യമാകുന്നു. അതെന്തു ഇപ്പോലെയുള്ള ഭക്തിയും ജീവിതക്രമ ഖണ്ഡിതവും മറ്റൊരിടത്തും കണ്ടെത്തുന്നതല്ല. സത്യതിരുസ്സഭയിൽ ഈശോമ്ശിഹായുടെനേരെയുള്ള സ്നേഹത്തെക്കുറിച്ചു നമ്മനസ്സാലെയും മാഹാത്മ്യതയോടുംകൂടെ മാതാപിതാക്കന്മാരെയും സ്നേഹിതരും സംബന്ധക്കാരെയും സമ്പത്തു മുതലായ മറ്റു സകല ഐഹികാനന്ദങ്ങളെയും ത്യജിച്ച അനേക ബാലരേയും ബാലികകളെയും നാം കാണുന്നു. അവർ സകലത്തിലും സ്വമനസ്സിനെ നിഗ്രഹിച്ചു തങ്ങൾ ചേർന്നിരിക്കുന്ന സഭയുടെ ഖണ്ഡിത നിയമങ്ങളെ വിശ്വാസപൂർവ്വം അനുഷ്ഠിച്ചുവരുന്നതു കാണുകയും തന്നിമിത്തം ഇതു മാനുഷശക്തിയെ അതിക്രമിക്കുന്ന ഒരു വീരപ്രവൃത്തി ആകുന്നുയെന്നു സമ്മതിക്കുന്നതിനു നിർബന്ധപ്പെടുകയും ചെയ്യുന്നു. ഇപ്പോലെയുള്ള അത്ഭുതങ്ങൾ നിവർത്തിക്കുന്നതു 'അത്യുന്നതന്റെ വലത്തെ കര'മെന്നല്ലാതെ എന്തുപറയും?

വി. ബർണ്ണാർദ് തന്റെ സഹോദരന്മാരോടു പറഞ്ഞ ഒരു പ്രസംഗത്തിൽ ഈ മഹാത്ഭുതത്തെപ്പറ്റി ഇപ്രകാരം പറയുന്നു. "ഇതുയേറെയൌവനപ്രായക്കാർ തങ്ങളുടെ യൌവനവസ്ത്രത്തിൽ ദൈവസ്നേഹത്താൽ മാത്രം ബന്ധിക്കപ്പെട്ട ഈ ഭൂരന്ന പാരാവിൽ പാദബന്ധനം കൂടാതെ കാക്കപ്പെട്ടന്നതിനെക്കാൾ ആശ്ചര്യമായതെന്തു?" എന്നാൽ ഭക്തസന്യാസി ഈ ശൃംഗാരത്തോട്ടത്തിൽ അനുഭവിക്കുന്ന ദൈവാശീർവ്വാദങ്ങ

VI. പുണ്യവരികൾ.

(തുടർച്ച)

൨. ദൈവാനുഗ്രഹം പ്രാപിക്കുന്നതിനും നിത്യഭാഗ്യം ലഭിക്കുന്നതിനും എളിമ ഏറ്റവും ആവശ്യമാകുന്നു എന്നു വേദപുസ്തകവും വേദപാരഗന്മാരും ഏറ്റവും വിശദമായി കാണിക്കുന്നു.

ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: "നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെ ആകയില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല. ആകയാൽ ഈ ശിശുവിനെപ്പോലെ, തന്നെത്തന്നെ താഴ്ത്തുന്നവൻ ഏവനോ അവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനാകുന്നു... മത്തായി ൧൮. ൩.

ചെറുപ്പക്കാരെ, നിങ്ങളുടെ മുപ്പന്മാർക്കു കീഴ്പ്പെടുവിൻ, അന്യോന്യം മനോതാഴ്മയെ ഉടുത്തുകൊൾവിൻ; എന്തുകൊണ്ടെന്നാൽ ദൈവം അഹംകാരികളോടു വിരോധിക്കുകയും താഴ്മയുള്ളവർക്കു തന്റെ വരപ്രസാദത്തെ കൊടുക്കയും ചെയ്യുന്നു. ൧. പത്രോ. ൫. ൫.

വിശുദ്ധ ബർണ്ണർദോസു പറയുന്നതായതു: സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ വീതി കുറഞ്ഞതാകുന്നു. ഇതു ചെറിയവരെ അല്ലാതെ കൈക്കൊള്ളുന്നില്ല. എളിമയുടെ ഗുരു, തന്റെ ശിഷ്യന്മാരുടെ നടുവിൽ ഒരു ശിശുവിനെ നിർത്തിക്കൊണ്ടു, നിങ്ങൾ മാനസാന്തരപ്പെട്ടു, ഈ ശിശുവിനെപ്പോലെ ആകയില്ലെങ്കിൽ, നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു പറഞ്ഞു ഈ ഉപദേശത്തെ പഠിപ്പിക്കുന്നു.

എളിമ, നമ്മുടെ എല്ലാ നല്ല പ്രവൃത്തികൾക്കും മുൻനടക്കയും, കൂടെ നടക്കയും പിൻതുടരുകയും, ചെയ്തിട്ടില്ലായെങ്കിൽ, അവ എല്ലാവരാലേയും അഹങ്കാരം നമ്മുടെ കൈയിൽ നിന്നു പിടിച്ചു പറിച്ചു എടുക്കും എന്നു വിശുദ്ധ ഔഗുസ്തീനോസ് പഠിപ്പിക്കുന്നു. നാം

ളേക്കുറിച്ചു ഇപ്പോൾ അല്പം ആലോചിക്കാം. പ്രസ്തുത ആശിർവ്വാദങ്ങൾ വലിയതും അഗണ്യമായതുമാകയാൽ വി. ലെയൊൻസ് യുസ്തിനിയാനി പറഞ്ഞിരുന്നതായതു: "സന്യാസ ജീവിതത്തിന്റെ ഭാഗ്യത്തെ മനുഷ്യർക്കു ദൈവം ഗുപ്തമാക്കിയിരിക്കുന്നതു അതിജ്ഞാനത്തോടുകൂടെയാണ്. എന്തെന്നാൽ അതു അവർക്കു പ്രസിദ്ധമായിരുന്നെങ്കിൽ എല്ലാവരും ഈ സന്തോഷത്തിനോടികൂടിയേനെ" ഇങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ മനുഷ്യവർഗ്ഗം പണ്ടേതന്നെ ശൂന്യമായി പോകുമായിരുന്നു. ഈ നന്മകൾ ജനസാമാന്യത്തിനു ഗുപ്തമായിരിക്കണമെന്നും താൻ തെരിഞ്ഞെടുത്തിരിക്കുന്ന നന്നാ ചുരുങ്ങിയ ആളുകൾക്കു മാത്രം പ്രസിദ്ധമാകണമെന്നും ദൈവം തീർമാനിച്ചിരിക്കുന്നുവെന്നു പറയാവുന്നതാണ്. ന. കർത്താവീശോമ്ശിഹാ തന്നെ അനുഗമിച്ചിരുന്നവരോടു അരുളിച്ചെയ്ത തിരുവാക്യത്താൽ ഈ സത്യം സ്ഥിരീകരിക്കപ്പെട്ടുന്നില്ലയോ? അതായതു 'ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെ അറിവാൻ നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു. എന്നാൽ ശേഷംപേർക്കു കണ്ടിട്ടു കാണായ്വാനും കേട്ടിട്ടു ഗ്രഹിക്കായ്വാനുംവേണ്ടി ഉപമകളാലത്രേ' (ലൂക്കാ വ. ൮.) "ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവെ! ജ്ഞാനികളിൽ നിന്നും വിവേകികളിൽനിന്നും ഈ കാര്യങ്ങളെ നീ മറച്ചു ശിശുക്കൾക്കു അവയെ പ്രസിദ്ധമാക്കിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു" (മത്തായി ൧൧. ൨൫)

അപ്പൊഴോ മേൽ പ്രസ്താവിച്ചവകളിൽ നിന്നു ഭൌമപരിത്യാഗം എന്ന ന്യായമായി നാമകരണം ചെയ്യപ്പെട്ടുന്ന സന്യാസത്തിന്റെ മഹത്വം എമ്മാത്രമെന്നു നിഷ്പ്രയാസേന ഗ്രഹിക്കാവുതാണ്.

Y1ch .2 .5

മ്മുടെ ജന്മഭൂമി ഉയൎന്തതാകുന്നു; എന്നാൽ അവിടേക്കുള്ള വഴി താഴ്ചയുള്ളതാകുന്നു. അതുകയാൽ ജന്മഭൂമിയെ തേടുന്നവൻ വഴി വൎജ്ജിക്കുന്നതെന്തിന്നു? (അഗുസ്തീ) എളിമയില്ലാത്തവൻ പുണ്യസമൂഹം വിനാശംമാത്രം ആകുന്നുവെന്നു വി. ബൎണ്ണാൎദ്ദും, എളിമയിൽ അടിസ്ഥാനപ്പെടാത്തതെല്ലാം നശിച്ചുപോകുന്നുവെന്നു വി. ഗ്രെഗോറിയോസും സ്ഥിരമായി പറയുന്നു.

ഇനി എളിമയുടെ പ്രയോജനത്തെക്കുറിച്ചു വേദപുസ്തകം പറയുന്നതായതു: താഴ്ചയുള്ളവരുടെയും ശാന്തശീലമുള്ളവരുടെയും പ്രാൎത്ഥന നിനക്കു എപ്പോഴും പ്രസാദമുള്ളതാകുന്നു. യൂദി. ൯- ൧൨. എളിമപ്പെടുന്നവൻെറ ജപം മേഘങ്ങളെ തുളച്ചുകേറുന്നു. അതു അത്യുന്നതൻ കടാക്ഷിക്കുംവരെ വിട്ടുമാറുന്നില്ല. പ്രസം. ൩൫- ൨൦. നീ എത്ര വലിയവനാകുന്നുവോ അതുപോലെ എല്ലാത്തിലും നിന്നെ താഴ്ത്തുക; എന്നാൽ ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തും. പ്രസം. ൩- ൨൦.

എളിമയിൽ നിന്നു വരുന്ന ഉപകാരങ്ങളെ കണ്ടുകൊണ്ടു ഇതിനെ വേദശാസ്ത്രികൾ ആകാശത്തോളം സ്തുതിച്ചുയൎത്തുന്നു. വി. ക്രിസൊസ്തോമോസ് പറയുന്നതായതു: എളിമയെന്ന പുണ്യത്തോടുയാതൊന്നും ഉപമിപ്പാൻ വഹിയാ. ഏതെന്നാൽ ഇതു നന്മകളുടെ മാതാവും, വേരും വളൎത്തമ്മയും, അധാരവും, ബന്ധനവുമാകുന്നു. മറൊരിടത്തിൽ പറയുന്നതായതു: എളിമയെക്കാൾ ശക്തിയുള്ളതു യാതൊന്നുമില്ല. ഇതു പാറയേക്കാൾ ബലമുള്ളതും വജ്രത്തെക്കാൾ കഠിനമുള്ളതും ആകുന്നു. ഇതു ഗോപുരങ്ങളെക്കാളും, നഗരങ്ങളേക്കാളും, കോട്ടകളെക്കാളും ഏറ്റം ഉറപ്പായി നമ്മെ കാക്കുന്നു. ഇതു പിശാചിൻെറ എല്ലാ തന്ത്രങ്ങളെയും ജയിക്കുന്നു. പിശാചു താഴ്ചയോടുകൂടിയ ദൈവഭക്തനേപ്പോലെ യാതൊരുത്തനേയും ദ്വേഷിക്കുന്നില്ല. വില്ലനെവാക്കാരനായ വി. തോമ്മാ പറയുന്നതായതു: ഒരു പുണ്യം അനേക പുണ്യങ്ങളുടെ മാതാവും, മൂലവും ആകുന്നു. ഒരു ഉറവയിൽ നിന്നു കീഴ്വഴക്കവും ദൈവഭക്തിയും വണക്കവും ക്ഷമയും വിനയവും ശാന്തയും സ്നേഹവും സമാധാനവും പുറപ്പെടുന്നു. എളിമയുള്ളവൻ സന്തോഷപൂൎവ്വം എല്ലാവൎക്കും കീഴ്വഴങ്ങുന്നു. എല്ലാവരേയും ബഹുമാനിക്കുന്നു, എല്ലാവരേയും പേടിക്കുന്നു; ഉപദ്രവങ്ങൾ ഒന്നുകിൽ സൌമ്യതമൂലം അറിയുന്നില്ല, അല്ലെങ്കിൽ ക്ഷമമൂലമായി സഹിക്കുന്നു. തന്നിൽ ശാന്തശീലനും അന്യന്മാരോടു സമാധാനശീലനും എല്ലാവരോടും സൌമ്യനും ആയി ആരെയും നിന്ദിക്കുന്നില്ല; ആരേയും ഉപദ്രവിക്കുന്നില്ല; എല്ലാവൎക്കും കീഴ്പെടുകയും ചെയ്യുന്നു.

ഇനി എളിമയുടെ മാഹാത്മ്യം എപ്രകാരമുള്ളതെന്നു കേൾപ്പിൻ: "തന്നെത്തന്നെ ഉയൎത്തുന്നവനെല്ലാം താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയൎത്തപ്പെടുകയും ചെയ്യും." ലൂക്കാ ൧൪. ൧൧. "ദൈവത്തിൻമുമ്പാകെ നിങ്ങൾ എളിമപ്പെടുവിൻ; എന്നാൽ ദൈവം നിങ്ങളെ ഉയൎത്തും," യാക്കോ ൪. ൧൦.

ദൈവം തക്ക സമയത്തിൽ നിങ്ങളെ ഉയൎത്തുവാനായി തൻെറ ബലമുള്ള കൈക്കു കീഴിൽ നിങ്ങൾ എളിമപ്പെടുവിൻ. ൧- പത്രോ. ൫. ൬. താൻ മരണത്തോളം അതായതു ക്രൂരമരണത്തോളം കീഴ്വഴങ്ങി തന്നെത്തന്നെ താഴ്ത്തി; ഇതിനാൽ ദൈവം അങ്ങേ ഉയൎത്തി; ഈശൊ എന്ന നാമത്തിൽ സ്വൎഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും ഉള്ളവരുടെ മുട്ടുകൾ വളെക്കത്തക്കവണ്ണം, എല്ലാ നാമത്തിനും ഉപരിയിലുള്ള നാമം അങ്ങേക്കു കൊടുത്തു. ഫിലി. ൨. ൯.

എളിമയുടെ മാഹാത്മ്യത്തെപ്പറ്റി വിശുദ്ധ അഗുസ്തീനോസു പറയുന്നതായതു: ഒ! വിശുദ്ധ എളിമയെ! നീയും അഹങ്കാരവും തമ്മിൽ എത്രയൊ വ്യ

ത്യാസം. എന്റെ സഹോദരന്മാരെ! അഹംകാരം സ്വർഗ്ഗത്തിൽനിന്നു പുറത്തു ചാടിച്ചു. എന്നാൽ എളിമ ദൈവപുത്രനെ മാനുഷാവതാരത്തിനു സമ്മതിപ്പിച്ചു. അഹങ്കാരം പറുദീസായിൽനിന്നു ആദത്തെ പുറത്തു തള്ളി. എന്നാൽ എളിമ കള്ളനെ പറുദീസായിൽ പ്രവേശിപ്പിച്ചു. അഹങ്കാരം ഭാഷയെ ഭിന്നിപ്പിച്ചു ജനങ്ങളെ ചിതറിച്ചു. എന്നാൽ എളിമ ചിതറിയ ജനങ്ങളെ ഒന്നിച്ചുകൂട്ടി. അഹങ്കാരം നവൂകദ്നാസറിനെ മൃഗതുല്യനാക്കി, എന്നാൽ എളിമ യൌസേപ്പിനെ ഇസ്രായെലിന്റെ രാജാവാക്കി. അഹങ്കാരം ഫെറവോനെ കടലിൽ മുക്കി താഴ്ത്തി. എന്നാൽ എളിമ മൂശയെ ഉയർത്തി. മറെറാരിടത്തിൽ, എളിമ മഹിമയുടെ പാത്രതയാകുന്നു; എളിമ മഹിമയുടെ വിലയാകുന്നു എന്നും എളിമയെ ശ്ലാഘിച്ചു പറഞ്ഞിരിക്കുന്നു. (വി ശു. Tr. C IV in Joan.)

നീ ദൈവകണ്ണുകളിൽ വലിയവനാകുവാൻ വേണ്ടി നിന്റെ കണ്ണുകളിൽ നീ അല്പനാക. എന്തുകൊണ്ടെന്നാൽ നിന്റെ കണ്ണുകളിൽ നീ എത്ര നിസ്സനാകുമൊ, അത്രയും ദൈവത്തിൻവക്കൽ നീ വലിയവനാകും. (വിശുദ്ധ ഇസിദോർ.)

"ഒ! വിശുദ്ധ എളിമയെ! നിന്റെ കണ്ണുകളിൽ മാത്രം നീ ഹീനമായുള്ളതു". നീ മാത്രം നിന്നെ കേവലം വിധിക്കുന്നു; എന്നാൽ നീ ദൈവത്തിനു എത്രയോ മനോഹരമായുള്ളതു. നീ മഹിമയിൽ എത്ര ശ്രേഷ്ഠമായുള്ളതു! നീ യോഗ്യതകളിൽ എത്ര സമ്പന്നമുള്ളതു? നിന്നെ യോഗ്യതാപൂർവ്വം സ്തുതിപ്പാൻ ആർ മതിയാകും? നീ നിന്നെ എല്ലാത്തിലും ഹീനമായി മതിക്കയിൽ, നീ എല്ലാവരിനും മുമ്പായി മാന്യമായി നടക്കുന്നു. നീ താഴുകയിൽ, നീ പൊങ്ങുന്നു. നീ സ്തുതിയെ വിട്ടോടുകയിൽ സ്തുതി നിന്നെ പിഞ്ചെല്ലുന്നു. നീ ഒളിക്കയിൽ, നീ പരസ്യമാക്കപ്പെടുന്നു. നിന്റെ ക്ഷയംകൂടാതെ നീ വർദ്ധിക്കുന്നു. അഹങ്കാരംകൂടാതെ, നീ അഗ്രാസനം വഹിക്കുന്നു" എന്നു വിശുദ്ധ ജൂസ്തീനിയൻ ലൌറന്തിയോസ് എളിമയെ പ്രശംസിച്ചു പറയുന്നു.

കടശിയായി, ഒരു ക്രിസ്ത്യാനിക്കു പ്രശംസിക്കേണ്ടതാകുന്നുവെങ്കിൽ, എളിമയെക്കുറിച്ചു പ്രശംസിക്കേണ്ടതാകുന്നു. കാരണം, ഇതുകൊണ്ടു അവൻ ദൈവത്തിങ്കൽ മഹിമ പ്രാപിക്കുന്നു. എന്ന വിശുദ്ധ വേദശാസ്ത്രിയായ അമ്പ്രോസിസിന്റെ പ്രസിദ്ധ വാക്യം എപ്പോഴും ഓർമ്മയിൽ കാക്കത്തക്കതാകുന്നു.

Y.S2 2.-.D

V. വി. യോഹന്നാൻ ഏവൻഗേലിസ്തായുടെ സംക്ഷിപ്തചരിത്രം.

(തിരുനാൾ ധനുവം ൨൭-.)

വി. രക്ഷിതാവിന്റെ പ്രേമവാത്സല്യ ശിഷ്യനായ വി. യോഹന്നാൻ, ഗ്ലീലായിൽ ബേസ് സയ്ദാ എന്ന പട്ടണത്തിൽ സെബദി, ശാലോം എന്ന മാതാപിതാക്കന്മാരിൽനിന്നുപിറന്നു. തന്റെ പിതാവു ദൈവജനനിയോടു ചാർച്ചയുള്ളവനായിരുന്നതിനാൽ ദിവ്യരക്ഷിതാവിനോടുതനിക്കും സംബന്ധമുണ്ടായിരുന്നു. സഹോദരനായ വലിയയാക്കോബിനോടുകൂടെ വെയിലും മഴയും ഗണ്യമാക്കാതെ, അവരുടെ പാരമ്പര്യ തൊഴിലായിരുന്ന മീൻ പിടുത്തജോലി നടത്തിവരികയിൽ, ഒരു ദിവസം ദിവ്യരക്ഷിതാവു അവർക്കെതിരെ ചെന്നു "നിങ്ങൾ എന്റെ പുറകെ വരുവിൻ" എന്നു അരുളിച്ചെയ്തു അവരെ വിളിച്ചപ്പോൾ, അവരുടൻ സമ്മതിച്ചു പഴയ വലകളും, തോണിയും എന്നുവേണ്ടാ മാതാപിതാക്കന്മാരെ കൂടെയും ഉപേക്ഷിച്ചു തന്നെ പിഞ്ചെന്നു. (മാർക്: ൧. ൨൦.) കുറെ കഴിഞ്ഞതിന്റെ ശേഷം മഹാ

സ്ഥാനമായ പ്രേഷകർ ജോലി പ്രാപിക്കുന്നതിനു അവക്കു ഭാഗ്യം സിദ്ധിച്ചു. അട്ടിനം തുടങ്ങി വി. യോഹന്നാൻ ദിവ്യ രക്ഷിതാവിൽ ശരണമൊക്കയും വെച്ചു മറു ശിഷ്യരെക്കാൾ പ്രത്യേക വിധത്തിൽ തന്നെ ആചരിച്ചു സ്നേഹിച്ചതിനാലും വി. ഗുരുവാനിമോസും മറനേക മല്ലാന്മാരും ഏകാഭിപ്രായമായി പഠിപ്പിക്കുന്നതുപോലെ വി. യോഹന്നാനിൽ മറു ശിഷ്യരിൽ എന്നതിനെക്കാൾ ബ്രഹ്മചാരിത്വം എന്നീ സുകൃതവൃണ്യം അതിശയമായ വിധത്തിൽ പ്രശോഭിച്ചിരുന്നതിനാലും, തന്റെ സ്നേഹത്തിന്റെ ഏകവിഷയമായിരുന്ന ദിവ്യ ഗുരുവിനാൽ സ്നേഹിക്കപ്പെട്ടിരുന്നു. ഇതിനാൽ താൻ ദിവ്യ രക്ഷിതാവിന്റെ ശിഷ്യനെന്നും ഗുരുവാൽ സ്നേഹിക്കപ്പെട്ട ശിഷ്യനെന്നും വിളിക്കപ്പെട്ടിരുന്നു. മറു ശിഷ്യർക്കു കർത്താവിൽ നിന്നു എന്തെങ്കിലും അപേക്ഷിച്ചു സാധിക്കേണ്ടിയിരുന്നപ്പോൾ, വി. യോഹന്നാൻ വഴിയായിട്ടു സാധിച്ചിരുന്നു.

ഒരും ശ്ലീഹാ ദിവ്യരക്ഷിതാവിന്റെ താബോർ പർവ്വത ശിഖരത്തിൽവെച്ചുണ്ടായ മറുരൂപത്തെ കണ്ടു സാക്ഷിക്കുന്നതിനും മ്ശിഹാ തന്റെ ശിഷ്യരോടൊന്നിച്ചു കടശി ഭക്ഷണം കഴിച്ചു, ഗു. കുർബാന സ്ഥാപിക്കും സമയത്തു ഗുരുവിന്റെ അരികെയിരുന്ന തന്റെ ശിരസ്സിനെ തിരുമാറ്റിന്മേൽ ചാരുന്നതിനും ഭാഗ്യം പ്രാപിച്ചു. അന്ത്യ ഭക്ഷണ സമയം കർത്താവു ശിഷ്യരോടു "നിങ്ങളിൽ ഒരുത്തൻ എന്നെ ശത്രുക്കൾക്കു ഒറ്റി കൊടുപ്പാനിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ ശിഷ്യരു അത്യന്തം അതിശയപരവശരായി പരസ്പരം നോക്കി നില്ക്കയിൽ, വി. പത്രോസിന്റെ അഗ്രഹാനുസരണം 'ഗുരുവേ അരാകുന്നു അങ്ങെ ശത്രുക്കൾക്കു ഒറ്റിക്കൊടുപ്പാനിരിക്കുന്നതു' എന്നു നിഷ്കളങ്കഹൃദയത്തോടെ ചോദിച്ചതു വി. യോഹന്നാനാണു്. മിശിഹായുടെ പാടുകളുടെ സമയത്തു ഈ ശിഷ്യൻ കൂടെയുണ്ടായിരുന്നു. ദിവ്യഗുരു ഗാഗുൽത്താ മലയിൽ കുരിശിൽ കിടന്നു കൊണ്ടു തന്റെ അതിവാത്സല്യ മാതാവിനെ നോക്കി വി. യോഹന്നാനെ കാണിച്ചു 'ഇതാ നിന്റെ മകൻ' എന്നും അപ്രകാരം തന്നെ തന്റെ പ്രേമശിഷ്യനായ വി. യോഹന്നാനെ നോക്കി പരി. മറിയത്തെ കാട്ടിക്കൊണ്ടു 'ഇതാ നിന്റെ മാതാവു' എന്നും അരുളിച്ചെയ്തു. (യോ. ഗൻ. ൨൯.) മ്ശിഹായുടെ പാടുപീഡകളുടെ സമയത്തു വി. യോഹന്നാൻ അനുഭവിച്ച ദുഃഖവ്യാകുലങ്ങളും ചിന്തിയ കണ്ണുനീരുകളും വിവരിച്ചെഴുതുന്നതിനു വാക്കുകൾ അബലങ്ങളാണു്.

ഓർശ്ലേം പട്ടണത്തിൽ തിരുസ്സഭയ്ക്കു നേരിട്ട കലക്കം മുഖാന്തിരം ശിഷ്യർ അങ്ങുമിങ്ങും ചിതറി പോയ സമയത്തു പരി. മറിയവും തന്റെ ജ്ഞാനസുതനും അപ്പോസ്തോസിൽ പോയി വസിച്ചു. അവിടെ ഒരും വി. പ്രേഷകൻ ചെയ്ത പ്രസംഗത്താൽ ഏറിയ ആളുകൾ വിഗ്രഹാരാധനയെ ത്യജിച്ചു സത്യ വേദത്തെ അറിഞ്ഞനുസരിച്ചു. കുസ്തിയ വേദം പ്രസംഗിച്ചു പഠിപ്പിക്കുന്നതിനു ശ്ലീഹന്മാർ പരിശുദ്ധാത്മാവിയെ കൈക്കൊണ്ടു നാനാഭാഗങ്ങളിലോട്ടു പുറപ്പെട്ടകയിൽ വി. യോഹന്നാൻ ചെറിയ ആസ്യായിലേക്കു പോയി, അവിടെ സത്യവേദം പ്രചരിപ്പിച്ചു.

ഒരും പ്രസംഗ കാലത്തു പരി. മറിയം മരണം പ്രാപിച്ചു. ഒരും മരണം തന്നെ വളരെ ദുഃഖിപ്പിച്ചിരുന്നു. ഇങ്ങിനെ ദുഃഖസാഗരത്തിൽ മുഴുകിയിരിക്കയിൽ ആത്മശരീരത്തോടെ സ്വർഗ്ഗാരോഹണം ചെയ്ത ദിവ്യ മാതാവിനെ കാണുന്നതിനു അത്യന്തം ആഗ്രഹിച്ചപേക്ഷിച്ചിരുന്നതിനാൽ ദൈവജനനി തന്റെ തിരുക്കുമാരനെ കരങ്ങളിൽ എടുത്തു, സൌന്ദര്യ വടിവലങ്കാരത്തോടെ അയാൾക്കു പ്രത്യക്ഷയായി തന്റെ വ്യാകുലങ്ങളിന്മേൽ ഭക്തിയായിരിക്കുന്നവക്കു നാലു പ്രത്യേക വരങ്ങൾ കല്പി

ച്ചരുളി. ഇദ്ദേഹം ആസ്യായിലുള്ള അനേക പട്ടണങ്ങളിൽ സത്യവേദം പ്രചരിപ്പിച്ചതിന്റെ ശേഷം പാത്മൂരോട്ട പ്രസംഗിക്കയിൽ, അന്നു വാണിരുന്ന ക്രൂസ്യാനികളുടെ കൊടിയ ശത്രുവായ ദൊമിസ്യാനോസ് വി. യോഹന്നാനെ പിടിച്ചു നിഷ്ഠുരമായി അടിപ്പിച്ചു, തിളച്ചു മറിയുന്ന എണ്ണയിൽ ഇടീച്ചു. ഇതാ ആ ചൂടുള്ള എണ്ണയിൽ പച്ച വെള്ളത്തിലെന്ന പോലെ നടന്നു അതിൽ നിന്നു യാതൊരാപത്തുംകൂടാതെ പുറത്തു വന്നു. ഒരു രാജാവു കണ്ടു പൂർവ്വാധിക കോപാക്രാന്തനായി ഒരു വന്യവയോധികനെ പാത്തമൂസ് എന്ന ദ്വീപത്തിലേക്കു ദേശഭ്രഷ്ടനായി വിട്ടു. അവിടെ വെച്ചുണ്ടായ ദൈവദർശനത്താൽ "കാഴ്ചയാഗമം" എന്ന പ്രസിദ്ധ ഗ്രന്ഥം എഴുതിയുണ്ടാക്കി.

രാജാവു നിഗ്രഹിനായി ചത്തതിന്റെശേഷം വി. യോഹന്നാൻ അവിടെ നിന്നു വീണ്ടും ഏഫെസോസിലേക്കു പോന്നു. താൻ സത്യവേദാനുസാരികളോട് ചെയ്തിരുന്ന പ്രസംഗത്തിൽ അയല്ക്കാരെ വചനത്താൽ മാത്രമല്ല പ്രവൃത്തിയാൽ കൂടെയും സ്നേഹിക്കേണ്ടിയിരിക്കുന്നുവെന്നു പ്രധാനമായി പറഞ്ഞിരുന്നു. അക്കാലത്തു ദൈവസുതന്റെ ദൈവസ്വഭാവത്തെ നിഷേധിച്ചു പഠിപ്പിച്ചിരുന്ന പതിതരോട് ഏതുത്തകർത്താവിനു ദൈവ സ്വഭാവമുണ്ടെന്നു തെളിയിച്ചുകൊണ്ട് ഒരു സുവിശേഷത്തെ എഴുതിയുണ്ടാക്കി. ഒരു വി. പ്രേഷകൻ പ്രായത്തിൽ നന്നാ അതിക്രമിച്ചു പള്ളിയിൽ പോയി പ്രസംഗോപദേശങ്ങൾ പറയുന്നതിനു കേവലം അപ്രാപ്തനായിരുന്നതിനാൽ തന്റെ ശിഷ്യർ എടുത്തു പള്ളിയിൽ കൊണ്ടുപോയിരുന്നു. ദീർഘമായ പ്രസംഗങ്ങൾ പറയുന്നതിനു വാദ്ധ്യം അനുവദിക്കാഞ്ഞതിനാൽ തന്റെ പ്രേമശിഷ്യരോട് 'നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ' എന്ന ഒരു സൽബുദ്ധി മാത്രം പേത്തു പറകയിൽ ശിഷ്യർ പിതാവെ ഒരു വാക്യം തന്നെ പറയുന്നതെന്താണെന്നു ചോദിച്ചതിനു ദിവ്യ രക്ഷിതാവിന്റെ കല്പന ഇതാകുന്നു. ഇതു ശരിയായി അനുസരിച്ചാൻ മതി, എന്നുത്തരിച്ചിരുന്നു. ഒരു ദേഹം സഹോദര സ്നേഹത്തിന്റെ മഹത്വവും വിശേഷതയും ഗ്രഹിച്ചു; അതിനെ അനുസരിച്ചിരുന്നതു കൂടാതെ ശേഷംപേരും ദിവ്യരക്ഷിതാവിന്റെ വാനത്തിനു തക്കവണ്ണം അതിനെ ശരിയായി അനുസരിക്കുന്നതിനുത്സാഹിപ്പിക്കുന്നതിലേക്കായി തദ്വിഷയത്തെ പരിശുദ്ധിയുക്തിയുക്തമായ പല ലേഖനങ്ങൾ എഴുതീട്ടുണ്ട്. തനിക്കു നൂറില്പരം വയസ്സായിരിക്കയിൽ മരണം അടുത്തിരിക്കുന്നുവെന്നു മുൻകൂട്ടിയറിഞ്ഞതിനാൽ ആവിവരം ശിഷ്യരോട് വെളിപ്പെടുത്തി, അവരോടുകൂടെ ഒരു പവ്വുത താഴ്വരയിൽ പോയി തന്റെ ശരീരത്തെ ഭൂദാനം ചെയ്യുന്നതിനു ഒരു കുഴി വെട്ടുന്നതിനു ആജ്ഞാപിച്ചു. ആജ്ഞാനുസരണം അവർ ചെയ്തതിന്റെ ശേഷം ഒരു മഹാത്മാവു സ്നീവാ അടയാളം വരച്ചു മധുരമുള്ള ഒരു ശോയെ എന്റെ സമീപെ അങ്ങിന്നു എല്ലായ്പോഴും പ്രസന്നനായിരിക്കേണമെ എന്നപേക്ഷിച്ചു. പിന്നെ ശിഷ്യരെ നോക്കി നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു തന്റെ മേലങ്കിയെ ശവക്കുഴിയിൽ വിരിച്ചു, അതിലേക്കു മഹാ സന്തോഷത്തോടെ ഇറങ്ങി. അപ്പോൾ അതിന്റെ ചുറ്റും സ്വർഗ്ഗീയ പ്രകാശം വീശിയിരുന്നു. ഇങ്ങിനെ ൧൨൬ാംവയസ്സിൽ ഒരു മഹാത്മാവു തന്റെ ആത്മാവിനെ സൃഷ്ടികർത്താവിൽ കയ്യാളിച്ചു.

ഒരു യിസ്രാ നമ്മുടെ ദിവ്യ രക്ഷിതാവിന്റെ നേരെ കാണിച്ച സ്നേഹതീഷ്ണതയും അയല്ക്കാരുടെ നേരെ കാണിച്ച പരസ്നേഹവും അനുസരിച്ചാൽ നാം എത്രയോ വലിയ ഭാഗ്യപൂരിതരാകുമായിരുന്നു.

VI. ഒരു ചെറുബാലന്റെ മനോധിരത.

ഇംഗ്ലാണ്ടുദേശത്തിലുള്ള ലീവർ പൂൾ എന്ന തുറമുഖ പട്ടണത്തിൽ നിന്നു പുറപ്പെട്ട ഒരു കപ്പലിൽ ഏഴു വയസ്സു പ്രായമുള്ള ഒരു ചെറുബാലൻ പുത്രനായി ഒരു വേലക്കാരനായി ചേർന്നു. കപ്പൽ നീക്കി കടലിലോട്ടു ഓടിക്കയിൽ വേലക്കാരിൽ ചിലർ അവനെ നോക്കി "ഇതാ ഒരു പീസർ ബ്രാണ്ടി, നീ ഇതു കുടിക്കുക; നല്ലയാനന്ദംതോന്നും" എന്നു പറഞ്ഞതിന്നു ആ ബാലൻ ഉത്തരമായി ക്ഷമിക്കണമെ, ഇനിക്കുവേണ്ടാ ഇതു ഞാൻ കുടിക്കാതെയിരിക്കയാണ് ഇനിക്കു നല്ലതു എന്നു പറഞ്ഞു.

ഇതു കേട്ടവരെല്ലാവരും പൊട്ടിച്ചിരിച്ചു "ഇതെന്താടാ, ഒരു പീസർ ബ്രാണ്ടി കുടിച്ചാൽ നീ സുബോധമില്ലാതെ കീഴെവീഴുമോ? നീ ഒരു ആൺകുട്ടിയല്ലേ? നിനക്കു ലജ്ജയില്ലേ? ഇപ്രകാരമുള്ള നീയാകുന്നോ കപ്പലിൽ ഉദ്യോഗത്തിന്നു വന്നിരിക്കുന്നതു? എന്നും മറും പറഞ്ഞു, അവനെ വളരെ ആക്ഷേപിച്ചുകൊണ്ടിരിക്കയിൽ മാലുമി ഈ സ്വരംകേട്ടു, അവിടെവന്നു.

അവർ എന്തു പറഞ്ഞിരുന്നെന്നു മാലുമി ഗ്രഹിച്ചു ആ ചെറുപ്പക്കാരനെ നോക്കി "നീ നല്ലൊരു കടൽസഞ്ചാരിയാകണമെങ്കിൽ ബ്രാണ്ടികുടിപ്പാൻ ശീലിക്കണം. അല്ലെങ്കിൽ അയതു ഒരുനാളും സാധിക്കയില്ല. അയതിനാൽ നീയിതു കുടിക്ക എന്നു പറഞ്ഞതിന്നു അവൻ വീണ്ടും മുമ്പിലത്തെപ്പോലെ 'ക്ഷമിക്കണമെ! കുടിക്കാതെയിരിക്കയാണ് ഇനിക്കു നല്ലതു' എന്നു പറഞ്ഞു.

മാലുമി, അരികിൽ നിന്നിരുന്ന ഒരു വേലക്കാരനെ നോക്കി "ഇതാ ഈ കയറെടുത്തു ഇവനെ നല്ലതിൻവണ്ണം അടിക്കു" എന്നു കല്പിച്ചു. അപ്രകാരം ആ ഭൃത്യൻ അവനെ കഠിനമായി പ്രഹരിച്ചു.

മാലുമി, അടിയുടെശേഷം ഈ കുട്ടിയോടു നീ ഇതിനെ കുടിക്കുമോ ഇല്ലയോ പറക?

കുട്ടി- ക്ഷമിക്കണമെ! ഇനിക്കുവേണ്ടാ, കുടിക്കാതെയിരിക്കയാണു ഇനിക്കു നല്ലതു'.

മാലുമി- എടാ കുട്ടി! ഞാൻ പറയുന്നതു നീ കേൾക്കയില്ലേ? ഇതാ ഈ പാമരത്തെ നീ സൂക്ഷിക്കു; അതിന്റെ അഗ്രത്തിലുടൻ കയറി, രാത്രി മുഴുവനും അവിടെതന്നെ നീ ഇരിക്കണം.

മലപോലെ ഉയരമുള്ള പാമരത്തിൻ മുകളിൽ രാത്രി മുഴുവനും ചിലവഴിക്കണമെന്നു വിചാരിച്ച ക്ഷണത്തിൽ കുട്ടിയുടെ കൈകാലുകൾ ഞടുങ്ങി, ഉൾ മുഴുവനും പരവശമായിപോയി എന്നുവരികിലും മനഃസ്ഥിരത കളയാതെ പാമരത്തിന്മേൽ കയറി കടൽമദ്ധ്യേ ക്രൂരിരുട്ടുള്ള രാത്രിയിൽ സഹിക്കരുതാത്ത കുളിരുള്ള സമയത്തു ഏഴു വയസ്സുള്ള ഒരു കുട്ടി രാത്രികാലം മുഴുവനും ഏകനായി പാമരത്തിന്റെ അഗ്രത്തിൽ കയറി പിടിച്ചിരിക്കേണ്ടിവന്നാൽ അതു ഒരു ചില്ലറ കാര്യമല്ല. അവൻ അനുഭവിച്ച സങ്കടം എത്രമാത്രമെന്നു ദൈവത്തിന്നുമാത്രം അറിയാം.

പിറെറ ദിവസം കാലത്തു മാലുമിക്കപ്പലിന്റെ മേൽതട്ടിൽ നടന്നുകൊണ്ടിരിക്കയിൽ ഈ കുട്ടിയുടെ കാര്യം ഓർമ്മയിൽവന്നു. അപ്പോൾ, ഉച്ചസ്വരത്തിൽ കുട്ടി! ഉടൻ താഴെയിറങ്ങുക. ഞാൻ പറഞ്ഞതു തിരിഞ്ഞോ? അതിന്നു യാതൊരുത്തരവും ഉണ്ടായില്ല. ഒരു വേലക്കാരൻ മുകളിൽ കയറി നോക്കിയപ്പോൾ കുട്ടിയുടെ കൈകാലുകൾ കുളിരിനാൽ മരച്ചുപോയി. താഴെവീഴാതിരിപ്പാൻ വേണ്ടി പാമരത്തെ രണ്ടു കൈകൾകൊണ്ടും മുറുക്കിപിടിച്ചിരുന്നതിനാൽ ആ പിടുത്തം വിടുവിക്കുന്നതിന്നു കുറെയധികം പ്രയാസം കഴിച്ചു. കടശി വേലക്കാരന്റെ സഹായത്താൽ കീഴെയിറങ്ങി. അവന്റെ കുളിർ മാറുന്നതിന്നുവേണ്ടി അവന്റെ ശരീരത്തെ നല്ലതിൻവണ്ണം തിരുമി

കുറെ ആശ്വാസമായി എഴുന്നേറ്റിരുന്നു. അപ്പോൾ മാല്യമി കുട്ടി! ഇതാ ഒരു പീസർ കോനിക് ദാവകം. നിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു ഇതുവേണ്ടതാണു്.

കുട്ടി- മുമ്പിലത്തേപോലെ ക്ഷമിക്കണമെ! ഇനിക്കുവേണ്ടാ; കുടിക്കാതെയിരിക്കയാണു് ഇനിക്കു നല്ലതു്. ഞാനിപ്രകാരം പറയുന്നതിന്റെ കാരണമെന്തെന്നു പറയാം. എന്നോടു താങ്കൾ കോപിക്കല്ലേ. ഞാനൊരു മാന്യതറവാട്ടിൽ പിറന്നവനാകുന്നു. ഞാനും എന്റെ മാതാപിതാക്കന്മാരും സന്തോഷത്തൃപ്തിയോടെ ജീവിച്ചു വന്നിരുന്നു. ഞങ്ങൾക്കു യാതൊന്നും പോരായ്മയില്ലായിരുന്നു. ഇങ്ങിനെയിരിക്കയിൽ അപ്പൻ കുടിതുടങ്ങി. അയ്യോ നിർഭാഗ്യം! യാവനസ്സുകൂടെയും വഴിയില്ലാതെയായിപ്പോയി. അനന്തരം ഇതാ ഞങ്ങൾ വസിച്ചിരുന്ന ഭവനത്തേയും വീട്ടുസാമാനങ്ങളേയും ഉടുപുടവകളെക്കൂടെയും വിറ്റു. ഇതെല്ലാം കണ്ടു, എന്റെ അമ്മയുടെ ഹൃദയം വ്യാകുലംകൊണ്ടു നിറഞ്ഞു മരിപ്പാറായിരിക്കയിൽ നെടുവീപ്പിട്ടു എന്നോടു "എന്റെ പ്രിയകുഞ്ഞേ! കുടികൊണ്ടു നിന്റെ അപ്പനുവന്ന നാശം എന്താകുന്നുവെന്നു നീതന്നെ കണ്ടുവല്ലോ. മരിക്കുവാറായിരിക്കുന്ന നിന്റെ അമ്മയോടു ഞാൻ ശപിക്കപ്പെട്ടപാനത്തെ ഒരിക്കലും തൊടുകയില്ലെന്നു വാഗ്ദാനം ചെയ്യു" എന്നു പറഞ്ഞതിനു ഞാൻ സമ്മതിച്ചു ഉടമ്പടിചെയ്തു. എന്റെ യജമാനനെ! എന്റെ പ്രിയപ്പെട്ട അമ്മ മരിക്കുന്നതിനുമുമ്പു ഞാനവൾക്കു കൊടുത്ത വാക്കു ഒരുനാളും ലംഘിച്ചു നടക്കയില്ല.

ഇതിനെ ശ്രദ്ധാപൂർവ്വം കേട്ട മാല്യമി ഹൃദയം ഇളകി മനസ്സറിയാതെ കണ്ണുനീർധാരചിന്തി പക്ഷത്തോടുകൂടെ ആബാലനെ നോക്കി പറഞ്ഞതായതു: "എന്റെ കുഞ്ഞേ! നിന്റെ മനോധൈർയ്യം അതിശയിക്കത്തക്കതുതന്നെ. ഇനി നീ എന്റെ സംരക്ഷണയിൻകീഴ് തന്നെ എല്ലാപ്പോഴും ആയിരിക്കണം. ഒന്നുകൊണ്ടും കലങ്ങേണ്ടാ. ഞാൻ നിന്നോടു ചെയ്ത അന്യായത്തെ സ്വല്പമെങ്കിലും പരിഹരിക്കുന്നതിന്നുവേണ്ടി ഇതിനെ നീ എടുത്തുകൊൾക" എന്നു പറഞ്ഞു ഒരു ചുരുൾ അവനുകൊടുത്തു. ആ ബാലൻ ആ ചുരുൾ തുറന്നു നോക്കുകയിൽ അതിൽ നൂറു രൂപായുടെ ഒരു നോട്ടു ഇരുന്നിരുന്നു.

ഈ ബാലൻ കാണിച്ച മനഃസ്ഥിരതയുടെ ഒരംശമെങ്കിലും കുടിയന്മാരിലുണ്ടായിരുന്നാൽ ഇത്രയേറെ വീടുകൾ ശൂന്യമാകയില്ലായിരുന്നു. ഇത്രയധികം സ്ത്രീകളും കുട്ടികളും കരഞ്ഞു നെടുവീപ്പിട്ടു പ്രലപിക്കയില്ലായിരുന്നു. ഇത്രയധികം നാശങ്ങളും തിന്മകളും ലോകത്തിലുണ്ടാകയില്ലായിരുന്നു. പരിജ്ഞാനത്താൽ എല്ലാവക്കും പരബോധമായിരിക്കുന്നതുപോലെ ഈ മനഃസ്ഥിരത ഉണ്ടായിരുന്നാൽ വീടുകളുടെ ധനപുഷ്ടി വർദ്ധിക്കുകയും കുടുംബങ്ങളിൽ സന്തോഷം സമാധാനം സുകൃത മുതലായ അഗ്രഹിക്കപ്പെടേണ്ടതും സ്തുതിക്കു യോഗ്യവുമായവകൾ സംപൂർണ്ണമായി വസിക്കുകയുംചെയ്യും. ൨ ൫൭൩ .൨

VII തിരുഹൃദയ ഭക്തന്മാർ

ഫൻാ൭ കുംഭമാസത്തിൽ വെക്കേണ്ട

പൊതുക്കുറിപ്പുകൾ.

"ഇടവക പട്ടക്കാർ"

വിവരണം.

തിരുസ്സഭയുടെ അംഗങ്ങളെ അടുത്ത വിധത്തിൽ ശുദ്ധീകരിക്കുന്ന വൈദികഗണമാണു ഇടവക പട്ടക്കാർ. ഇവരിൽ പരിശുദ്ധത എത്ര അധികമുണ്ടാകുമോ അത്രയും വിശ്വാസികളും ശുദ്ധീകരിക്കപ്പെട്ടകയും പുണ്യമുള്ളവരാകയും ചെയ്യും. അതുകയാൽ പുണ്യവും ശുദ്ധതയും പട്ടക്കാരിൽ വർദ്ധിച്ചുവരുന്നതിനായി ൦രം മാസത്തിൽ തിരുഹൃദയ ഭക്തന്മാർ പ്രാർത്ഥിക്കേണ്ടതാണു്.

ലോകവർത്തമാനച്ചുരുക്കം.

൧. കഴിഞ്ഞ ഡിസമ്പർ അവസാനത്തിൽ റോമ്മയിൽ രണ്ടു കർദിനാളന്മാർ മരിച്ചുപോയി.

൨. പ്രോപ്പഗാന്ത് തിരുസ്സംഘത്തിൽ തലവനായ അത്യുന്നത ഗോത്തി കർദിനാൽ ഈയിടെ തന്റെ ഗുരുപട്ട സ്വർണ്ണജൂബിലി ആഘോഷിച്ചു. ഈ അവസരത്തിൽ ഇദ്ദേഹം തന്റെ സഭയുടെ ജനറാളിനെ മെത്രാനായി അഭിഷേകിക്കയും ചെയ്തു.

൩. പ്രോപ്പഗാന്ത് കോളെജിൽ ഐത്തോരായിരുന്ന മൊൻസിഞ്ഞോർ കമസേയി എന്ന മഹാൻ ഇപ്പോൾ ഓർഡ്ലം പാത്രിയർക്കീസായി നിയമിക്കപ്പെട്ടിരിക്കുന്നു. ടി. യിൽ വൈസ് റെക്ടർ ജോലി നടത്തിയിരുന്ന ദൊൻ പൈത്രൊ എന്ന ദേഹത്തെ ഇത്താല്യായിൽ ഒരു രൂപതക്കു മെത്രാനായി സ്റ്റെറ്റ് സിക്രട്ടറി കർദിനാൽ ഈയിട അഭിഷേകം ചെയ്തിരിക്കുന്നു.

൪. ആവുസ്ത്രിയായിലെ ചക്രവർത്തി ഒരു മരണശിക്ഷാവിധിക്കു ഒപ്പു വയ്ക്കുന്ന സമയം കരയുകയും കണ്ണുനീരു വീണു ഒപ്പു മാഞ്ഞുപോകയും ചെയ്തു. ഉടനെ ആ കുറക്കാരനു മാപ്പു കൊടുത്തിരിക്കുന്നുവെന്നു പ്രസ്താവിക്കയുണ്ടായി.

൫. എഴുപുന്ന പാറായിഅവിരാത്തരകനവർകൾ മുതൽപേരെ പ്രതികളാക്കി ഒരു പൂരംഘോഷയാത്ര തടഞ്ഞുവെന്നും മറ്റുമുണ്ടായ കേസു ഹൈക്കോടതിയിൽ നിന്നു തരകനവർകൾക്കു ഹർജിയായി തീരുമാനിച്ചിരിക്കുന്നു.

൬. കഴിഞ്ഞ മാസാവസാനത്തിൽ അലപ്പുഴെ കമ്പോളത്തിൽ ഒരു അഗ്നിബാധയുണ്ടായതിനാൽ അനേക വീടുകൾ കത്തിപ്പോകയും ഉദ്ദേശം ഒരു ലക്ഷം രൂപായുടെ നഷ്ടം ഉണ്ടാകയും ചെയ്തു.

൭. ബോംബെ സെൻറ് സെവിയർ സ്കൂളിൽ നിന്നും ൨൨ കുട്ടികൾ മടിക്കേരി മിഷനറി ചേന്തിൽ ൨൫൦ ജയിച്ചിരിക്കുന്നു.

൮. സുമാത്രാ ദ്വീപിൻറെ പശ്ചിമതീരത്തുള്ള സിമാലു എന്ന ദ്വീപു വലിയ ഭൂകമ്പത്താൽ വെള്ളത്തിലാണ്ടു പോയി. ൧൭൦൦ ജനങ്ങൾ കൊല്ലപ്പെട്ടു.

൯. ജനുവരി ൨൨-നു യോട്ടക്രൂടി അവസാനിച്ച ആഴ്ചവട്ടത്തിൽ ഇൻഡ്യാ ഒട്ടുക്കു മഹാമാരിനിമിത്തം ൧൩൯൯ മരണമുണ്ടായിട്ടുള്ളതായിക്കാണുന്നു.

൧൦. കിംഗ്സ്റ്റൻ പട്ടണത്തിൽ കഴിഞ്ഞ മാസം ൨൦-നു വലിയ ഭൂകമ്പം ഉണ്ടായി. പല കെട്ടിടങ്ങളും ഇടിഞ്ഞു വീണു.

൧൧. യൂറോപ്പിൽ ഇപ്പോൾ മഞ്ഞു മഹാശക്തിയാണു്. ഒഡെസാ ഡാന്യൂബ് മുതലായ തുറമുഖങ്ങളിലും മാറും വെള്ളം തണുപ്പുകൊണ്ടു ഉറച്ചുപോയി. തീവണ്ടി യന്ത്രങ്ങളുടെ കുഴലുകളിൽ വെള്ളം ഉറച്ചുപോകയാൽ വണ്ടി ശരിയായി ഓടുന്നില്ല. അനേകംപേർ മരിക്കുന്നു. റോമായിൽ നിന്നും നെപ്പിൾസിലേക്കു ഓടുന്നവണ്ടി ഹിമം വീണു മൂടിപ്പോയി.

൧൨. ചേപ്പുങ്കൽപള്ളിഇടവക ദിവ്യശ്രീ വേങ്ങപ്പിള്ളിൽ ആഗസ്തി കത്തനാരവർകൾ കഴിഞ്ഞ ഡിസമ്പർ ൨൨-നു അന്ത്യക്രമാശീർവാദങ്ങളൊക്കയും കൈക്കൊണ്ടു മരണം പ്രാപിച്ചുവെന്നു അറിയുന്നതിൽ വ്യസനിക്കുന്നു. ഇദ്ദേഹത്തിനു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചാറാകണം.

൧൩. ചേപ്പുംകൽപള്ളിഇടവക മൂന്നു പീടികേയ്ത്തൽ തൊമ്മൻ മത്തായി അവർകൾ കഴിഞ്ഞമാസം ൨൫-നും, എടമറ്റത്തു പള്ളി ഇടവക കുരുവിനാക്കുന്നേൽ കുരുവിള അവർകൾ ൨൮-നും അന്ത്യക്രമാശീർവാദങ്ങളൊക്കയും കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു. ൨രും അളകളുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിച്ചാറാകണം.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

മ. രാ. രാ. ഒരുരൂപാവീതം. അവർകൾ.

J. M. Christian, കാഞ്ഞിരക്കാട്ട മാത്തു ചെറിയാൻ, കാടങ്കാവിൽ ചാണ്ടി, Albert F. Gomez, D. J. Pereira, Roman M. Pereira, J. G. Netto Ceylon. കോലടിയിൽ ചെറിയു, വേളക്കാട്ട ലൂക്കാ ചാക്കൊ, പാലത്തട്ടിൽ തോമ്മൻ, മണക്കാട്ട പൈലി ചാണ്ടി, ഞാറക്കൽ കുളത്തിൽ യൌസപ്പു തെള്ളിപറമ്പിൽ ഔസപ്പു, ബ. പള്ളിക്കാപറമ്പിൽ പൌലൊ ക. കുന്നപ്പിള്ളിൽ മത്തായി കുഞ്ഞൻ, മീമ്പള്ളിക്കാവിൽ ഐസ്സു, പീച്ചാട്ട കുഞ്ഞൻ ദേവസ്സി, പിച്ചാട്ട യൌസപ്പു കുഞ്ഞൻ, വരാപ്പള്ളിൽ തോമ്മായൌസപ്പു, വരാപ്പള്ളിൽ ചാക്കൊ പത്രൊസു, അവലപ്പുഴ വക്കി ഔസപ്പു, ബ. കുഴമ്പിൽ തോമ്മാ ക., കൊടുങ്ങമലെ ദേവസ്സ്യാ തൊമ്മൻ, പുത്തൻപീട്ടിൽകുരുവിള അഹമ്മു, ബ. വയലാറു യൌസപ്പു ക., അക്കനത്തു തോമ്മാ കൊച്ചുകാക്ക, കാട്ടാശ്ശേരിൽ ശൌയ്ക്കുസെ, ചിറ്റുഴത്തു വറീയു യൌസപ്പു, മാളിയേക്കൽ പൌലൊ ഔസപ്പു, ബ. ചിറമ്മേൽ ദേവസ്സി ക., പനയ്ക്കൽ റപ്പായി, വടക്കൻ സാനി, ബ. എളങ്ങന്നപ്പിഴെ പൌലൊ ക., ഞാണയ്ക്കൽ ചാക്കൊഔസപ്പു, ലോനൻ അന്ത, ബ. കുമ്മാത്തുടത്തൽ വക്കി ക. എലഞ്ഞിമറ്റത്തു വക്കീശവയ്യരു, പാണ്ടാര പൌലൊസു, കോട്ടക്കുമത്തായി ഔസപ്പു, ബ. പല്ലാട്ട അന്തോനി ക., ബ. നിലവുത്തു യോഹന്നാൻ ക., കാരിക്കുഴിയിൽ ചെറിയു മാത്തുള, മാളിയേക്കൽ പാട്ടത്തിൽ കുഞ്ഞച്ചിയാ, ബ. തോപ്പിൽ അബ്രൊസീസ് ക., ഇട്ടിപ്പറമ്പിൽ കോര, തുണ്ടത്തിൽ കുഞ്ഞൻ കുഞ്ഞൻ, ബ. കൊച്ചുപാലത്തുകൾ യൌസപ്പു ക., ക്രാമ്പിക്കൽ സി. ദേവസ്യാ, ചിറയത്തു കുഞ്ഞമ്മി ഔസപ്പു കൊമ്പിത്തു യൌസപ്പു വറീതു, കോനാട്ട കുരുവിള അന്തോനി, ബ. മാടക്കുളത്തിൽ യൌസപ്പു ക., വടക്കെടത്തു കുഞ്ഞൻ തോമ്മാ, കരിക്കമ്പള്ളി യൌസപ്പു, കുടക്കരെ യൌസപ്പു മത്തായി, കോലത്തുപുരയ്ക്കൽ ചാക്കൊ, പള്ളത്തുശ്ശേരിൽ പോത്തൻ പൌലൊസു, ബ. പഴുനാട്ട യൌസേപ്പു ക., കുന്നിൽ യോഹന്നാൻ കുരുവിള, പാലത്തുങ്കൽ കൊച്ചു ചാക്കൊ, കാഞ്ഞിപ്പറമ്പിൽ കുളത്തിൽ ചാക്കൊ, കോയിത്താ ചാക്കൊ, കുളപ്പുരയ്ക്കൽ ചാക്കൊ, ഐക്കര തോമ്മാ, മുണ്ടാട്ടപറമ്പിൽ യൌസപ്പു, അത്തിക്കളത്തിൽ കുഞ്ഞൻ, പള്ളിത്താനത്തു ലൂക്കാ മത്തായി.

പലവക.

പനയ്ക്കൽ അഹമ്മു ഔസപ്പു ചക്കാ ഫക കാത്തു ഫഉ, പഴയപുരയ്ക്കൽ വക്കി രൂ ൾ, വടക്കേടത്തു ദേവസ്യാ മത്തായി, രൂ ൨, ബ. കുട്ടപ്പാത്തു യാക്കൊ ക. രൂ ൨, വാഴേൽ പുന്നൻ മാത്തുണ്ണി, രൂ ൨, സി. എ. യാക്കൊ രൂ. ഫ ച. ൾ. കാ. വു, ബ. സ. മ. ജോവാന, ചക്കാ ൾ, പൂത്തുര ചാക്കു രൂ. ൾ, ഏസ്. ഡി. ഫെർനാൻഡസ് രൂ. ൾ, പടിഞ്ഞാറെ കാരുവെള്ളാത്തു ചുമ്മാരു കുരുവിള രൂ. ൾ, താഴത്തേടത്തു അവിരാ കുഞ്ഞൻ ച. ൨, കാ. ഫ൨, പഴയാളിൽ ഔസപ്പു കോര രൂ. ൨ മണക്കാട്ട പൈലി ചാണ്ടി രൂ. ൨, പൊടേടത്തിൽ പൈലി രൂ. ൨, പിലാക്കിൽ ഉലഹന്നൻ രൂ. ൾ, ചാത്തനാട്ട ചെറിയു രൂ. ൪, പുളിന്താനത്തു യോഹന്നാൻ രൂ. ഫ ച. ഫ൩ കാ. ഫ൦, ബ. അഹമ്മു ക. രൂ. ൨, പുല്ലാമ്പിൽ ചാക്കൊ ച. ൻ കാ. വു. കണ്ടലക്കാവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ച. ൨൯൪, കൊച്ചിക്കുന്നേൽ ഇട്ടിയെരാ രൂ. ൨ ച. ൨൩ കാ. ൨, തോട്ടത്തിൽ ഉലഹന്നർ ച. ൨൯൪, പീച്ചാട്ട വക്കി പൈലി ച. ഫക കാ. ൭, പുളിക്കൽ കുരുവിള ഔസപ്പു ച. ൨൩ കാ. ൨, എലഞ്ഞിക്കൽ കുഞ്ഞുപ്പു തരിയു ച. ൫. ബ. ഏഴ്സു യൌസപ്പു ക. രൂ. ൨, കാറിയിൽ മാണി ച. ൭, പുളിങ്കാപ്പിള്ളിൽ ചാക്കൊ യൌസപ്പു ച. വൾ, പഴയപുരയ്ക്കൽ യൌസപ്പു വക്കി ച. ഫ൩, ബ. കണ്ടത്തിൽ തോമ്മാ ക. രൂ. ൨, പാട്ടത്തിൽ ചാക്കൊ പ്രയ്സു രൂ. ൪൨, ബ. കവലക്കാട്ട ഇട്ടിപ്പു ക. രൂ. ൨, തൈക്കൂട്ടത്തിൽ ചാണ്ടി ശവയ്യരു രൂ. ഫ൩൨, ബ. ക്ലെ. ദെ. കുഞ്ഞു പാടി രൂ. ൨, പുത്തൻ കുളത്തിൽ യൌസപ്പു രൂ. ഫ ച. ഫ൩ കാ. ഫ൦, കൊച്ചുപുരയ്ക്കൽ യൌസപ്പു കുഞ്ഞാക്കൊ രൂ. ഫ ച. ൩, (തുടരും.)

REGISTERD No. M 365.

വിശ്വാസദീപം.

ഫൻാെ ഫെബ്രുവരി—ഫാവ്വാ മകരം—കുംഭം.

ഇംഗ്ലിഷ്		മലയാളം		വിശേഷദിവസങ്ങൾ.		
മാസം	തിയ്യതി	തിയ്യതി	ദിവസം			
മകരം.	1	ഫൻ	വെ	ശു. അ. വേ. ഇഗ്നാസി. ന. അ. കു. പെ. ...	ചു.	2
	2	വാ	ശ	✠ കു. മാ. ശുദ്ധീ. ന. കു. പെ. (പ്രദ. ദേ.)	വെ.	2
	3	വാ	ഞാ	✠ [illegible] ഷ്ടിയിൻ ന. കു. അ. (൩)	ദേ.	2
	4	വാ	തി	† ശു. അ. മെ. അന്ത്രെ. കർ. ന. അ. കു. പെ.	വെ.	2
	5	വാ	ചൊ	† ശു. ന. കു. പങ്കപ്പാ. ജ്ഞാപ. ന. അ. കു. പെ.	ദേ.	2
	6	വാ	ബു	† ശു. അ. മെ. തെത്തോസ. ന. അ. കു. പെ.	വെ.	2
	7	വാ	വ്യാ	ശു. മെ. റൊമുവാൾദ്. ന. അ. കു. പെ. ...	വെ.	2
	8	വാ	വെ	† ശു. മെ. യോഹ. ദ് മാത്ത. ന. അ. കു. പെ.	വെ.	2
	9	വാ	ശ	ശു. കു. വേ. അപ്പളോനി. ന. അ. കു. പെ. ...	ചു.	2
	10	വാ	ഞാ	✠ [illegible] ൧൦-ാം ന. കു. അ. [illegible] (2)	ദേ.	2
	11	വാ	തി	† ശു. കു. മാ. ഭ്രൂക്ഷ. രി. ന. അ. കു. പെ.	വെ.	2
⊕	12	ഫാ	ചൊ	† ശു. പാ. മെ. ഫ്രോവിസി. ന. അ. കു. പെ.	വെ.	2
	13	വാ	ബു	വിഭൂതി. ന. കു. അ.	ദേ.	2
	14	വാ	വ്യാ	ശു. വേ. വലേന്തീ. ന. അ. കു. പെ. ...	ചു.	2
	15	വാ	വെ	† ന. കു. മൂൽമൂടി. ന. അ. കു. പെ. (ഒരുനേരം)	ചു.	2
	16	വാ	ശ	† ശു. പാ. വോദ. യോഹ. ബ്രീ. ന. അ. കു. പെ.	ചു.	2
	17	വാ	ഞാ	✠ നോ. ഫ-ാം ഞാ. ന. കു. അ. (൨)	ദേ.	2
	18	വാ	തി	ശു. അ. വേ. ശിമെയോൻ ന. അ. കു. പെ. ...	ചു.	2
	19	വാ	ചൊ	ന. കു. അ.	ദേ.	2
	20	വാ	ബു	ന. കു. അ.	ദേ.	2
കുംഭം	21	ഫാ	വ്യാ	ന. കു. അ. ...	ദേ.	2
	22	ഫാ	വെ	† ന. കു. കന്തം. അണി. ന. അ. കു. പെ.	ചു.	2
	23	ഫാ	ശ	† ശു. അ. മെ. മ. പത്രോ. ദമി. ന. അ. കു. പെ.	വെ.	2
	24	ഫാ	ഞാ	✠ നോ. ഫ-ാം ഞാ. ന. കു. അ. (൧)	ദേ.	2
	25	ഫാ	തി	ശു. മത്യാ. ശ്ലീഹാ. ന. കു. പെ.	ചു.	2
	26	ഫാ	ചൊ	ന. കു. അ.	ദേ.	2
	27	ഫാ	ബു	ന. കു. അ.	ദേ.	2
⊕	28	ഫാ	വ്യാ	ന. കു. അ.	ദേ.	2

✠ അടയാളം എല്ലാവ൪ക്കും കടമുള്ള ദിവസം (✠) കടം നിക്കപ്പെട്ട ദിവസം

✻ ഇറച്ചിവിലക്കുള്ള ദിവസം † പുതുതായി ചേ൪ക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani,
at. St. Joseph's Press, Mannanam.